RENDU SAHASIKA YATRIKAL

BALAKRISHNA PILLAI

2:12 FO

032:3M722:12
FO

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
094289

**Madras University Library.**

DOCTRINA-VIM-PROMOVET INSITAM

Call Number 032:3M722:12. F

Accession Number 94289

Available for loan from

This book should be returned on or before
the date last marked below.

61

രണ്ടു

# സാഹസികയാത്രകൾ.

ഗ്രന്ഥകർത്താ,

ഏ. ബാലകൃഷ്ണപിള്ള,

ബി. ഏ., ബി. എൽ.

:o:

പ്രകാശകൻ

തോമസ് പോൾ ബി. ഏ.,

വിദ്യാവിലാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

V. ECON DEPOT & PRINTING WORKS
PRINTERS: PUBLISHERS
BOOK SELLERS ETC.
TRIVANDRUM. TRICHUR.

"SRIDHARA" POWER PRESS,—TRIVANDRUM.

1096

22 MAR 1958

94289
0321:3H722;12
FO

രണ്ടു

# സാഹസികയാത്രകൾ.

---

## അദ്ധ്യായം ൧.

---

### വാംബേറിയും മദ്ധ്യഏഷ്യയും.

മദ്ധ്യഏഷ്യയിലുള്ള മഹമ്മദരാജ്യങ്ങളെക്കുറിച്ചു പാശ്ചാത്യന്മാൎക്കു ആദ്യമായി വിശദമായ പരിജ്ഞാനം നല്കിയതു് ആൎമിനിയിസ് വാംബേറി എന്ന ഹംഗേറിയൻ സഞ്ചാരിയാണു്. ഇദ്ദേഹത്തിനു മുമ്പെ ധൈൎയ്യവാന്മാരായ യൂറോപ്യന്മാർ മദ്ധ്യഏഷ്യ നിരീക്ഷണാൎത്ഥം സാഹസികമായ യാത്രകൾ ചെയ്തു മദ്ധ്യഏഷ്യയിൽ പ്രവേശിച്ചിരുന്നുവെങ്കിലും അവൎക്കു സൂക്ഷ്മപരിജ്ഞാനത്തിനു സൌകൎയ്യങ്ങൾ ലഭിച്ചിരുന്നില്ല. എന്നാൽ വാംബേറിയുടെ മഹമ്മദന്മാരോടുള്ള ബഹുമാനവും അവരുടെ മതത്തിലും സാഹിത്യത്തിലുമുള്ള യഥാൎത്ഥമായ പാണ്ഡിത്യവും കൊണ്ടു് അദ്ദേഹത്തിന് അവരുടെ പരിശുദ്ധസ്ഥലങ്ങളെപ്പോലും സൂക്ഷ്മമായി സവിസ്തരം വൎണ്ണിക്കുവാൻ കഴിഞ്ഞു. ഈ സഞ്ചാരങ്ങളിൽ വേഷധരനായ അദ്ദേഹത്തിന്റെ യഥാൎത്ഥം മതഭ്രാന്തന്മാരായ മഹമ്മദന്മാർ കണ്ടുപിടിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിനെ അ

വർ ഫനിക്കുമായിരുന്നു. വിജ്ഞാനവിസ്താരത്തിനായി ഈ പ്രകാരം ജീവനെ പണയം വെച്ചു പ്രവൎത്തിച്ചു വാംബേറിയുടെ ജീവിതം ഒരു മാതൃകാജീവിതമാണെന്നുള്ളതിനു രണ്ടു് അഭിപ്രായമില്ല.

ആർമിനിയസ് വാംബേറി ൧൮൩൨-ൽ ഹംഗേറിയിലുള്ള ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. ജനനാൽതന്നെ വാംബേറിക്കു് ഒരു മുടന്തു് ഉണ്ടായിരുന്നു. വിദ്യയെ ആൎജ്ജിക്കുവാൻ അതിമോഹമുള്ള ആ ബാലനു് തന്റെ ദാരിദ്ര്യം ഒരു ദുസ്തരമായ പ്രതിബന്ധമായിത്തീൎന്നിരുന്നില്ല. പന്ത്രണ്ടുവയസിൽ വാംബേറിക്കു തന്റെ ഉപജീവനമാർഗ്ഗം അന്വേഷിക്കേണ്ടതായി വന്നെങ്കിലും, ഈ ജോലികൾ വിഘ്നം വരുത്താതെ പരിശ്രമശീലനായ ആ ബാലൻ സ്വദേശത്തിൽ ഉണ്ടായിരുന്ന ഒരു വിദ്യാലയത്തിൽ വിദ്യ അഭ്യസിച്ചു. അനന്തരം പ്രസ്ബർഗ്ഗ സൎവ്വകലാശാലയിലെ പ്രസംഗങ്ങൾ കേട്ടു പഠിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ഇക്കാലത്തു് വാംബേറി അന്യഭാഷകളെ പഠിക്കുന്നതിൽ പ്രത്യേകമായ ഒരു സാമൎത്ഥ്യം പ്രദൎശിപ്പിക്കയും ചെയ്തു. അദ്ദേഹം കേവലം ഒരു ഗ്രന്ഥവായനാസക്തൻ മാത്രം ആയിരുന്നില്ല. സൎവ്വകലാശാലയിൽ വിദ്യ അഭ്യസിക്കുന്നകാലത്തു് ആസ്ട്രിയാരാജ്യത്തിന്റെ പല ഭാഗങ്ങളേയും സന്ദൎശിക്കുവാനായി വാംബേറി സഞ്ചരിച്ചിരുന്നുതാനും.

യൌവനാരംഭം മുതൽ വാംബേറിക്കു് പൌരസ്ത്യപരിഷ്കാരത്തിൽ താല്പൎയ്യവും ബഹുമാനവും തോന്നിത്തുടങ്ങി. പൌരസ്ത്യപ്രദേശങ്ങളിൽ സഞ്ചരിക്കണമെന്നുള്ള മോഹവും അദ്ദേഹത്തിൽ നാൾക്കുനാൾ വർദ്ധിച്ചുവന്നു.

അപ്പോൾ കൊസൂത്തു് എന്ന പ്രസിദ്ധനായ ഹംഗേറിയൻ ദേശാഭിമാനിയുടെ നായകത്വത്തിൽ അവിടെ ഒരു രാജ്യക്ഷോഭം സംഭവിച്ചു. ഇതിൽ വാംബേറിയും ഉൾപ്പെട്ടിരുന്നതുകൊണ്ടു് അദ്ദേഹത്തിനെ ആസ്റ്റ്രിയൻ ഭരണാധികാരികൾ ഹംഗേറിയിൽനിന്നും നാടുകടത്തി. തനിക്കു പൂർവ്വദിക്കുകളിലേക്കു പോകുവാൻ ആഗ്രഹമുണ്ടായിരുന്നതുകൊണ്ടു് അദ്ദേഹം ഇതു് ഒരു ഉപകാരമായി കരുതുകയും ചെയ്തു.

വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചു കയ്യിൽ ഒരു കാശുപോലും ഇല്ലാതെ അദ്ദേഹം തുർക്കിസാമ്രാജ്യത്തിന്റെ തലസ്ഥാനമായ കാൺസ്ടാണ്ടിനോപ്പിളിൽ ചെന്നുചേർന്നു. ഭാഗ്യവശാൽ ഹംഗേറിയിൽനിന്നും ഓടിപ്പോന്ന വേറൊരു ദേശാഭിമാനിയെ അദ്ദേഹം ആ രാജധാനിയിൽവെച്ചു കണ്ടെത്തി. ആ ഹംഗേറിക്കാരൻ അദ്ദേഹത്തിനെ തന്റെകൂടെ താമസിപ്പിക്കയും ചെയ്തു. താമസിയാതെ ഒരു തുർക്കിക്കാരന്റെ ഗൃഹത്തിൽ ഒരു വാദ്ധ്യാർജോലി വാംബേറിക്കു ലഭിക്കുവാൻ കഴിഞ്ഞു. ഇപ്രകാരം ആ രാജധാനിയിൽ നിവസിക്കുമ്പോൾ ഒരു ജെർമ്മൻടർക്കിഷ് നിഘണ്ടു പ്രസിദ്ധപ്പെടുത്തി അദ്ദേഹം സാഹിത്യലോകത്തിൽ പ്രവേശിക്കുകയും ചെയ്തു.

കാൺസ്ടാണ്ടിനോപ്പിളിൽ വെച്ചു് മദ്ധ്യഏഷ്യയിൽ സഞ്ചരിക്കുന്നതിനു്, അത്യാവശ്യമായി വേണ്ട മഹമ്മദന്മാരുടെ ഭാഷ, മതം, ആചാരം മുതലായവയെക്കുറിച്ചുള്ള പരിജ്ഞാനം അദ്ദേഹം സമ്പാദിച്ചു. കൂടാതെ ബൊക്കാറാനഗരത്തിൽ നിന്നും അവിടെവന്നുതാമസിക്കുന്നവരോടു സദാ സംസർഗ്ഗംചെയ്തു് അദ്ദേഹം അവരു

ആചാരവിശേഷങ്ങളെ സൂക്ഷ്മമായി ഗ്രഹിക്കുകയും ചെയ്തു. അനന്തരം ൧൮൬൩-ൽ അവിടെനിന്നും അദ്ദേഹം പൂൎവ്വദിക്കുകളിലേക്കു യാത്രആരംഭിച്ചു. ഒരു തുൎക്കി ഉദ്യോഗസ്ഥൻെറ വേഷം ധരിച്ച് ആർമേനിയ, മെസൊപൊട്ടേമിയ മുതലായ രാജ്യങ്ങളെ കടന്നു പെർസ്യാ രാജ്യത്തിൻെറ തലസ്ഥാനമായ ടെഹെറാൻ നഗരത്തിൽ അദ്ദേഹം ഒടുവിൽ വന്നുചേൎന്നു. തുൎക്കി ഉദ്യോഗസ്ഥനാണെന്നു വിചാരിച്ച് അദ്ദേഹത്തിനെ വഴിക്ക് ആരും ഉപദ്രവിച്ചിരുന്നില്ല.

മദ്ധ്യഏഷ്യയിലെ രാജ്യങ്ങളിൽ അപായം കൂടാതെ സഞ്ചരിക്കുവാൻ ഉതകുന്ന ഒരു മഹമ്മദസന്യാസിവേഷം അദ്ദേഹം ടെഹറാനിൽവെച്ചു ധരിച്ചു. താൻ ഒരു പാശ്ചാത്യനായ ക്രിസ്ത്യാനിയാണെന്നു വഴിക്കുള്ള മതഭ്രാന്തന്മാരായ മഹമ്മദന്മാർ അറിഞ്ഞാൽ തന്നെ അവർ ഹനിക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. പരീക്ഷാൎത്ഥം അദ്ദേഹം പെർസ്യാരാജധാനിയിലുള്ള അസംഖ്യം മഹമ്മദസന്യാസികളോട്ട് സംസൎഗ്ഗം ചെയ്തുതുടങ്ങി. അവരിൽ ഒരുത്തനും അദ്ദേഹത്തിൻെറ യഥാൎത്ഥാവസ്ഥ കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. ഇതുകണ്ടു ധൈൎയ്യപ്പെട്ട് അദ്ദേഹം ഖോകണ്ടിലും കാഷ്ഗാറിലും തിരിച്ചുപോകുന്ന ഒരു തീൎത്ഥയാത്രസംഘത്തിൻെറ നായകന്മാരെ സന്ദർശിച്ചു. അവൎക്കു തന്നിൽ വിശ്വാസം ജനിപ്പിച്ചതിനുശേഷം, തനിക്കു ഖിവാ, ബൊക്കാറാ, സമാർക്കണ്ട് എന്ന സ്ഥലങ്ങളിലുള്ള മഹമ്മദയോഗികളുടെ പരിശുദ്ധമായ ശവകുടീരങ്ങളെ സന്ദൎശിക്കുവാൻ മോഹമുണ്ടെന്നും, അതിനായി തന്നെ അവരോടു കൂടി യാത്രചെയ്യു

വാൻ അനുവദിക്കണമെന്നും അദ്ദേഹം ആ സംഘനായകന്മാരോടു പറഞ്ഞു. അവർ വഴിക്കുള്ള അപകടങ്ങളെ അദ്ദേഹത്തിനോടു പറഞ്ഞുകേൾപ്പിച്ചു. തസ്കരസംഘങ്ങളുള്ള ഘോരമായ മണൽക്കാടുകളിൽ കൂടി അവർ യാത്രചെയ്യണമെന്നും മററും ആ നായകന്മാർ പറഞ്ഞതു കേട്ടു വാംബേറി ഒട്ടുംഭയപ്പെട്ടില്ല. "നമ്മുടെ വഴിയാത്രകളിൽ നാം അല്പദിവസങ്ങൾ താമസിച്ചതിൽപിന്നെ ഉപേക്ഷിച്ചുപോകുന്ന ഒരു സത്രത്തിനെപ്പോലെ മാത്രമെ ഞാൻ ഇഹലോകത്തെ കരുതിയിട്ടുള്ളു. അന്നന്നത്തെ കാൎയ്യത്തെപ്പററി മാത്രം ചിന്തിച്ചു തൃപ്തിപ്പെടാതെ വരുന്ന പത്തുവർഷങ്ങളിലെ ജീവിതത്തെ കുറിച്ചു വിചാരിച്ചു മനസ്സു പുണ്ണാക്കുന്ന മുസൽമാൻമാരെ കാണുമ്പോൾ എനിക്കു ചിരിവരുന്നു." എന്നു് അവരോടു് അദ്ദേഹം മറുപടിപറഞ്ഞു. ഒടുവിൽ അവർ അദ്ദേഹത്തിനെ അവരോടുകൂടി കൊണ്ടുപോകാമെന്നു സമ്മതിക്കുകയും ചെയ്തു.

ശിരസ്സു മുണ്ഡനംചെയ്തു്, ബൊക്കാറനിവാസികളുടെ വേഷംധരിച്ചു്, ഹാജിരെഷീദ് എന്ന നാമത്തോടുകൂടി ൧൮൬൩-ാ മാൎച്ചുമാസത്തിൽ വാംബേറി ആ തീൎത്ഥയാത്രസംഘത്തിൽ ചേൎന്നു തന്റെ സാഹസികയാത്ര ആരംഭിച്ചു. ഇരുപത്തിനാലുപേർ അടങ്ങിയ ആ സംഘത്തിന്റെ പ്രധാനനായകൻ ചീനത്തുള്ള തുൎക്കിസ്ഥാനനിവാസിയായ ഹാജി ബിലാൽ ആയിരുന്നു. ടെഹറാനിൽ നിന്നും ആ സംഘം എൽബർസ് പൎവ്വതപംക്തിയുടെ താഴ്‌വരകളിൽകൂടി ആദ്യം യാത്രചെയ്തു. അവിടെ പകൽ സമയത്തു് ഉഷ്ണംഅധികം ഉണ്ടായിരുന്നില്ല, രാത്രിയിൽ

ശൈത്യാധിക്യത്താൽ അവർ വളരെ കഷ്ടപ്പെട്ടു. വഴിക്കു ആ തീൎത്ഥയാത്രക്കാർ കോറാനിൽനിന്നും സ്തോത്രങ്ങൾ കൂടക്കൂടെ ചൊല്ലുക പതിവായിരുന്നു. ആ സന്ദൎഭങ്ങളിൽ ഏററവും ഉച്ചസ്വരത്തിൽ സ്തോത്രങ്ങൾ ചൊല്ലിയിരുന്നതു നമ്മുടെ കപടസന്യാസിയായിരുന്നു. ഇതുകേട്ടു മററുള്ള തീൎത്ഥയാത്രക്കാൎക്കു അദ്ദേഹത്തിനോടുള്ള സ്നേഹവും വിശ്വാസവും വൎദ്ധിച്ചുവന്നു.

എൽബർസ് പൎവ്വതപംക്തിയെ കടന്നു് അവർ കാസ്പിയൻ തടാകത്തിന്റെ ദക്ഷിണതീരത്തുള്ള വനങ്ങളിൽ പ്രവേശിച്ചു. ആ തടാകത്തിന്റെ തെക്കുകിഴക്കെ കോണിനെ അവർ ഒരു വള്ളത്തിൽ കയറി തരണംചെയ്തു് അതിന്റെ പൂൎവ്വതീരത്തുള്ള ഗണ്ണേഷ് ടെപെ എന്ന സ്ഥലത്തു ചെന്നുചേൎന്നു. ഇവിടത്തെ ടൎക്കോമാൻ രാജാവു് നമ്മുടെ തീൎത്ഥയാത്രക്കാരെ യഥാവിധി സൽക്കരിച്ചു. അവിടെയുള്ളവരുടെ മതസന്ദേഹങ്ങളേയും രോഗങ്ങളേയും നമ്മുടെ കപടസന്യാസി ശമിപ്പിക്കേണ്ടിവന്നു. ഇവിടെ താമസിക്കുമ്പോൾ വാംബേറി കുറെ കിഴക്കായി കാണാവുന്ന അലക്സാണ്ഡർ മഹാൻ പണിചെയ്യിപ്പിച്ച ഒരു ജീൎണ്ണിച്ച കോട്ട മതിലിനെ സന്ദൎശിക്കയും ചെയ്തു.

മൂന്നു് ആഴ്ച ഗണ്ണേഷ്ടെപെയിൽ താമസിച്ചതിനു ശേഷം അവർ അവിടെനിന്നും എട്രെക്കു് നദീതീരത്തിലേക്കു യാത്രചെയ്തു. ഇവിടെവച്ചു ഖീവാ രാജാവിന്റെ ഒരു ഉദ്യോഗസ്ഥനേയും അദ്ദേഹത്തിന്റെ ആയുധപാണികളായ പതിന്നാലു് അകമ്പടിക്കാരേയും അവർ കണ്ടെത്തി. അവരോടുകൂടി പിന്നീടു നമ്മുടെ തീൎത്ഥയാത്ര

ക്കാർ മുൾച്ചെടികൾ മാത്രം വളരുന്ന ഒരു തരിശുഭൂമി യിൽക്കൂടി യാത്രതുടങ്ങി. വഴിക്കുള്ള ഒരു പ്രാചീന നഗ രത്തിൻെറ അവശിഷ്ടങ്ങൾക്കു സമീപം അവർ ഒരുദിവ സം അല്പനേരം താമസിച്ചു. ഉടനെ സ്ഥിരവാസമില്ലാ തെ ആ പ്രദേശങ്ങളിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കു ന്ന ഒരു വർഗ്ഗക്കാർ അവരുടെ സമീപത്തുവന്നു ക്രയവി ക്രയത്തിന് ആരംഭിച്ചു. രൊക്കം പണം കൊടുക്കാനില്ലാ ത്തവർ എഴുത്തറിയാവുന്ന വാംബേറിയെക്കൊണ്ടു പ്രോ നോട്ടുകൾ എഴുതിച്ച് അവരവരുടെ കൈവശത്തു വച്ചു കൊള്ളുകയും ചെയ്തു. നോട്ട് എഴുതി കൊടുക്കുന്നവൻത ന്നെ അതിനെ കൈവശം വച്ചുകൊള്ളുന്ന ആചാരം വാം ബേറിക്ക് അതിശയം ജനിപ്പിച്ചു. അതിനെപ്പററി ഒരു കടം കൊടുത്തവനോടു ചോദിച്ചപ്പോൾ അദ്ദേഹത്തി നോട് അവൻ ഇപ്രകാരം മറുപടി പറഞ്ഞു. "എനി ക്ക് എന്തിനാണ് അത്? പണം തരാനുള്ളവൻ അവ ൻെറ കടത്തെ മറക്കാതെ ഇരിക്കുവാനായി അത് കൈ വശംവെച്ചുകൊണ്ടിരിക്കണം." അനന്തരം അവർ യാത്ര തുടരുകയും ചെയ്തു.

ഇപ്രകാരം മരുഭൂമികളിൽക്കൂടി സഞ്ചരിക്കുമ്പോൾ അവർ ദിവസവും മൂന്നുപ്രാവശ്യം യാത്രയിൽനിന്നും വിര മിച്ചിരുന്നു. സൂര്യോദയത്തിന് അല്പം മുമ്പെ അവർ പ്ര ധാനമായ ആഹാരം കഴിക്കുവാനായി ഒരു മണിക്കൂർനേ രത്തോളം പ്രയാണഭംഗം ചെയ്യും. മദ്ധ്യാഹ്നത്തിൽ അ സഹ്യമായ ഉഷ്ണത്തിൽനിന്നും സുഖമെടുക്കുവാനും സൂര്യാ സ്തമനത്തിന് അല്പം മുമ്പിൽ അത്താഴം കഴിക്കുവാനും അ വർ ഒരു മണിക്കൂർവീതം വിശ്രമിച്ചിരുന്നു. തരിശുഭൂമി

യിൽക്കൂടി കുറെ ദിവസം യാത്രചെയ്തതിന്നു ശേഷം ചെറിയ ബാൾക്കാൻ എന്നു നാമമുള്ള ഒരു ശൈലനിരയുടെ സമീപത്തു് അവർ ചെന്നുചേൎന്നു. അതിന്റെ ഉപത്യകയിൽ ലവണമയമായ അനൂപദേശങ്ങൾ ഉണ്ടായിരുന്നു. സമീപമുള്ള ഉറച്ച ഭൂമിയുടേയും ഈ അനൂപപ്രദേശത്തിന്റേയും ഉപരിഭാഗത്തു് ഒരുപോലെ ഒരംഗുലം ഘനമുള്ള ജാജ്വല്യമാനമായ ലവണ ഫലകങ്ങൾ കാണപ്പെട്ടതുകൊണ്ടു് ആ മാൎഗ്ഗം അപായകരമായിത്തീൎന്നിരുന്നു. നമ്മുടെ സഞ്ചാരികൾ ഈ പ്രദേശത്തുകൂടി അല്പം യാത്രചെയ്തപ്പോൾ, അവരുടെ വാഹനമൃഗങ്ങളായ ഒട്ടകങ്ങൾ അവയുടെ ഖുരങ്ങൾ താഴ്ന്നുപോകുന്നതു് അറിഞ്ഞു ഭയംകൊണ്ടു മുമ്പോട്ടുപോകാതെ നിന്നു. ഉടനെതന്നെ അവർ ഒട്ടകങ്ങളിൽനിന്നും നിലത്തിറങ്ങി. അപ്പോൾ ജലയാത്രചെയ്യുന്ന ഒരു വള്ളത്തിൽ നിൽക്കുന്നതുപോലെ അവൎക്കു തോന്നിയതുകൊണ്ടു് ആ ഭയങ്കരമായ അനൂപപ്രദേശത്തിലാണു നിൽക്കുന്നതെന്നു് അവൎക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഖീവയിലെ ഉദ്യോഗസ്ഥൻ മുമ്പോട്ടുപോകാതെ നേരം വെളുക്കുന്നതുവരെ അവിടെത്തന്നെ നിൽക്കുവാൻ അവരോടു് ഉപദേശിച്ചു. സൂൎയ്യോദയമായപ്പോൾ അവർ ഒരു വിധത്തിൽ അവിടെനിന്നു രക്ഷപ്പെടുകയും ചെയ്തു.

അനന്തരം അവർ വലിയ ബാൾക്കാൻ എന്ന പൎവ്വതപംക്തിയെ കടന്നു് ഒരു ഭയങ്കരമായ മണൽക്കാടിൽ പ്രവേശിച്ചു. ഈ മരുഭൂമിയിൽ തസ്കരസംഘങ്ങൾ ധാരാളമായി ഉണ്ടായിരുന്നുവെങ്കിലും ഭാഗ്യവശാൽ അവർ നമ്മുടെ സഞ്ചാരികളെ ഉപദ്രവിച്ചില്ല. എന്നാൽ ആ

മണൽക്കാടിലുള്ള അനന്തമായ മണൽക്കുന്നുകളിൽനിന്നും
മരണോപമമായ നിശ്ശബ്ദതയിൽനിന്നും, ഉദയഭാനുവി
ന്റെയും അസ്തമന സൂൎയ്യന്റെയും പീതലോഹിതവൎണ്ണ
ത്തിൽനിന്നും, അത്യന്തമായ ഉഷ്ണത്തിൽ നിന്നും, അനിമി
ത്തമായ സത്വഭ്രംശത്തിൽ നിന്നും, അസഹ്യമായ ദാഹ
ത്തിൽനിന്നും അവർ വളരെ സങ്കടങ്ങൾ അനുഭവിച്ചു.
ദിവസം ചെല്ലുന്തോറും ജലത്തിന്റെ ദൌൎല്ലഭ്യം വൎദ്ധി
ച്ചുവന്നു. വാംബേറിക്ക് ദാഹം സഹിക്കവയ്യാതെ ആ
യിത്തീൎന്നുകൊണ്ട് അദ്ദേഹം അവിടെ കിടന്നു മരിക്കു
വാൻ നിശ്ചയിച്ചു. അപ്പോൾ "വെള്ളം, വെള്ളം" എ
ന്ന വാക്കുകൾ കേട്ട് അദ്ദേഹം തലപൊക്കി നോക്കി. അ
പ്പോൾ ഈ ദുൎഘടഘട്ടത്തെ മുൻകൂട്ടി അറിഞ്ഞു ജലം ഒ
ളിച്ചുവെച്ചിരുന്ന ഖീവയിലെ ഉദ്യോഗസ്ഥൻ ആ സം
ഘത്തിൽ ഓരോരുത്തൎക്കും ഓരോ ചെറിയ പാത്രം വെ
ള്ളംവീതം കൊടുക്കുന്നത് അദ്ദേഹം കണ്ടു. ഉടനെ എ
ണീറ്റുചെന്നു ജലംവാങ്ങി അദ്ദേഹവും പാനംചെയ്തു.

പിറേറദ്ദിവസവും ഉച്ചക്ക് അവർ ദാഹത്തിൽനി
ന്നും വലഞ്ഞു. വിശ്രമിക്കുവാൻ താമസിച്ചിരുന്ന ആ
സ്ഥലത്തിൽ നിന്നും ഒരു മയിൽ ദൂരെയായി ഒരു പ്രസി
ദ്ധമഹമ്മദയോഗിയുടെ ശവകുടീരം ഉണ്ടായിരുന്നതുകൊ
ണ്ട്, അതിനെ സന്ദൎശിക്കുവാൻ അവർ ഒട്ടകങ്ങളിൽനി
ന്നും ഇറങ്ങി നടന്നുതുടങ്ങി. തന്റെ യഥാൎത്ഥതയെ അ
വർ കണ്ടുപിടിക്കാതെ ഇരിക്കുവാനായി ദാഹംകൊണ്ടു
ക്ഷീണിച്ചിരുന്ന വാംബേറിയും ആ മദ്ധ്യാഹ്നസമയത്തു
അവരോടുകൂടി ഒരുമയിൽദൂരം നടക്കേണ്ടിവന്നു. ആ ശ
വകുടീരത്തിന്റെ മുമ്പിൽ നമസ്കരിച്ചു കൊറാനിൽനി

ന്നും സ്തോത്രങ്ങൾ ചൊല്ലിയതിന്നശേഷം, അതിന്ന സമീപമുണ്ടെന്നു കേട്ട ഒരു തടാകത്തെ വാംബേറി അന്വേഷിച്ചുതിരിച്ചു. അതിലുണ്ടായിരുന്ന അല്പം ജലം കുറികികലങ്ങിക്കിടന്നിരുന്നു. ദാഹം സഹിക്കവെയ്യാതെ അദ്ദേഹം ആ ജലത്തെ അല്പം കോരിക്കുടിക്കുവാൻ തുടങ്ങിയപ്പോൾ അതിന്റെ ഉപ്പുചുവയും ദുർഗ്ഗന്ധവും കൊണ്ട് അതിനെ പാനംചെയ്യുവാൻ അദ്ദേഹത്തിന്ന മനസ്സുവന്നില്ല. ആശാഭംഗത്തോടുകൂടി അദ്ദേഹം തിരിച്ചുപോകയും ചെയ്തു.

അവർ അവിടെനിന്നും യാത്രതുടങ്ങിയപ്പോൾ വഴിമദ്ധ്യേ കൃഷ്ണസാരങ്ങളുടേയും, കാട്ടുകഴുതകളുടേയും ഖുരമുദ്രകൾ കണ്ടതിനാൽ ജലസംയുക്തമായ സ്ഥലം സമീപപ്രദേശങ്ങളിൽ ഉണ്ടെന്ന് അവർ അനുമാനിച്ചു. പിറേറദിവസം രാവിലെ ഒരു ചെറിയ തടാകം അവർ കണ്ടു. ദാഹം ശമിപ്പിച്ചതിന്ന ശേഷം ജലസഞ്ചികളിൽ അവർ നിറച്ചുവെള്ളം അടയ്ക്കുകയും ചെയ്തു. അവിടെനിന്നും അവർ ഖീവാരാജ്യത്തിന്റെ അതിർത്തിയിലുള്ള കഫ്ലങ്കിർ എന്ന അധിത്യകയിൽ പ്രവേശിച്ചു. ഒരു മണൽസമുദ്രത്തിന്റെ മദ്ധ്യത്തിലുള്ള ദ്വീപുപോലെയാണ് ഇതു സ്ഥിതിചെയ്തിരുന്നത്. ഇതിൽ സസ്യാദികളും ജീവജാലങ്ങളും ധാരാളമായി കാണ്മാനുണ്ടായിരുന്നു. അവർ ഖീവയെ അടുക്കുംതോറും ഫലപുഷ്ടിയുള്ള പ്രദേശങ്ങളെ അധികമധികമായി കണ്ടുതുടങ്ങി. പലതരം ഫലങ്ങളുള്ള വൃക്ഷങ്ങളും പാടങ്ങളും, ചെറു കമുകുകളും അവിടെ ഉണ്ടായിരുന്നു. അവിടത്തെ ഭവനങ്ങളെ ഇരുപത് അടിയോളം ഔന്നത്യമുള്ളതും ഗോപുരങ്ങളോടുകൂടിയതും ആയ കോട്ടമതിലുകൾ വളഞ്ഞിരുന്നു. ഒടുവിൽ നമ്മുടെ

തീർത്ഥയാത്രക്കാർ ഖീവാ നഗരത്തിൽ പ്രവേശിക്കുകയും ചെയ്തു.

ഖീവയുടെ വീഥികൾ ഇടുങ്ങിയതും ശുചിതശൂന്യവുമായിരുന്നു. ആ നഗരത്തിന്റെ അന്തർഭാഗത്തുള്ള കോട്ടയ്ക്കകത്തു പ്രവേശിക്കുവാൻ വക്രമായ ഗോപുരദ്വാരങ്ങളുണ്ട്. അതിനകത്തു ധൂമ്രപിംഗലഹരിത നീലവർണ്ണസംയുക്തവും ജാജ്വല്യമാനവും ചീനദേശീയ മാത്തികനിർമ്മിതവും ആയ ഒരു ഉന്നത ഗോപുരം കാണ്മാനുണ്ടായിരുന്നു. ൧൨൫-അടി ഔന്നത്യമുള്ള ഈ ഗോപുരത്തിന്റെ അധോഭാഗത്തിന് ൩൦-അടി വ്യാസമുണ്ടായിരുന്നു. ഈ ഗോപുരത്തിന്റെ ഊർദ്ധ്വഭാഗം ക്രമേണ വീതികുറഞ്ഞുകുറഞ്ഞു വന്ന് അഗ്രത്തിൽ ൧൫-അടി വ്യാസമുള്ളതായിത്തീരുന്നു. അതിന്റെ മുകൾപ്പുരയ്ക്ക് ഓടുമേഞ്ഞിരുന്നു. ആ ഗോപുരത്തിന്റെ എല്ലാവശങ്ങളിലും കൊറാനിലെ അസംഖ്യം ഭാഗങ്ങൾ അഭിലേഖനം ചെയ്തിരുന്നു. ഈ ഗോപുരത്തിനു സമീപമാണു ഖിവാ രാജാവിന്റെ രാജമന്ദിരം സ്ഥിതിചെയ്തിരുന്നത്.

വാംബേറി ഖീവയിൽ ചെന്നുചേർന്നയുടനെ അവിടത്തെ രാജാവ് അദ്ദേഹത്തിനെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥ വളരെ ആപൽക്കരമായിരുന്നു. അദ്ദേഹം ഒരു യൂറോപ്യനാണെന്ന് ആ രാജാവ് കണ്ടുപിടിച്ചാൽ ഒന്നുകിൽ മരണം അല്ലെങ്കിൽ കാരാഗൃഹവാസം അദ്ദേഹം അനുഭവിക്കേണ്ടിവരും. അതിനാൽ ചഞ്ചലഹൃദയനായി ആണ് വാംബേറി കൊട്ടാരത്തിലേക്കു തിരിച്ചത്. രാജാവിനെ

സന്ദൎശിക്കുന്നതിനുമുമ്പേ അദ്ദേഹം അവിടെ ഉണ്ടായിരുന്ന മന്ത്രിയെ ചെന്നുകണ്ടു. ഗൌരവത്തെ നടിച്ചു് അദ്ദേഹം സന്ന്യാസിമാൎക്കു് ഇരിക്കുവാൻ അവകാശമുള്ള ആ മന്ത്രിവരന്റെ സമീപത്തു ചെന്നിരുന്നു. പതിവുള്ള പ്രാൎത്ഥന ചെയ്തതിനുശേഷം നമ്മുടെ കപടസന്ന്യാസി ആ മന്ത്രിയുമായി സംഭാഷിക്കുവാൻതുടങ്ങി. സംഭാഷണത്തിനിടയിൽ തുൎക്കിയിൽനിന്നും വന്ന ആ സന്ന്യാസിയുടെ യാഥാൎത്ഥ്യത്തെ അറിയുവാനായി തുൎക്കിസുൽത്താന്റെ ലേഖനം വല്ലതും കണ്ടാൽ കൊള്ളാമെന്നു മന്ത്രി ആവശ്യപ്പെട്ടു. താൻ ലൌകികമായ കാൎയ്യങ്ങൾക്കല്ല ദേശാടനം ചെയ്യുന്നതെന്നും ദേഹരക്ഷക്കായി തുൎക്കിസുൽത്താന്റെ മുദ്രയുള്ള ഒരു ശാസനം തന്റെ കൈവശം ഉണ്ടെന്നും വാംബേറി മറുപടി പറഞ്ഞു. ഉടനെ അദ്ദേഹംതന്നെ തുൎക്കി സാമ്രാജ്യവിഭാഗങ്ങളിൽ കൂടി സഞ്ചരിക്കുവാൻ അനുവദിക്കുന്ന സുൽത്താന്റെ മുദ്രയോടുകൂടിയ ഒരു അനുജ്ഞാപത്രത്തെ മന്ത്രിയുടെ പക്കൽ കൊടുത്തു. അതിലെ മുദ്ര കണ്ടപ്പോൾ മന്ത്രിക്കു് അദ്ദേഹത്തിൽ വിശ്വാസം ജനിക്കയും അതിനെ വഹിച്ചുകൊണ്ടു് എണീററു രാജസന്നിധിയിലേക്കു പോകുകയും ചെയ്തു.

അല്പനേരം കഴിഞ്ഞപ്പോൾ മന്ത്രി തിരിയെവന്നു വാംബേറിയെ രാജധാനിയിലേക്കു ക്ഷണിച്ചു. രാജാവിന്റെ ആസ്ഥാനമണ്ഡപത്തിൽ അദ്ദേഹം പ്രവേശിച്ചപ്പോൾ ഖീവയിലെ ഖാൻ വാമഹസ്തം ഒരു സൂൎയ്യപടഉപധാനത്തിൽ വച്ചു ദക്ഷിണഹസ്തത്തിൽ ഒരു ചെറിയ കാഞ്ചനനിൎമ്മിതമായ ചെങ്കോൽ ധരിച്ചുകൊണ്ടു് ഒരു ഉന്ന

തപീഠത്തിൽ ഇരിക്കുകയായിരുന്നു. പതിവുള്ള ആചാരം അനുസരിച്ചു നമ്മുടെ കപടസന്യാസി തന്റെ ഹസ്തങ്ങളെ ഉയൎത്തി കൊറാനിൽനിന്നും ഒരുഭാഗം ചൊല്ലി. അനന്തരം ആ രാജാവ് തന്റെ ഹസ്തങ്ങളെ അതിഥിയുടെ നേരെ നീട്ടി. അതിനെ സ്പൎശിക്കുവാനായി വാംബേറി മുമ്പോട്ടു ചെന്നു. പിന്നെ അവർ സംഭാഷണത്തിനു തുടങ്ങി. യാത്രയുടെ ഉദ്ദേശത്തെക്കുറിച്ചും വഴിക്കുള്ള വിശേഷങ്ങളേക്കുറിച്ചും ആ രാജാവ് അദ്ദേഹത്തിനോടു ചോദിച്ചു. താൻ ആ രാജ്യത്തും സമീപപ്രദേശങ്ങളിലും ഉള്ള സന്നിമതഗുരുക്കളുടെ ശവകുടീരങ്ങളെ സന്ദൎശിക്കുവാൻ വന്നതാണെന്നും വഴിക്കു വളരെ കഷ്ടപ്പെട്ടു എന്നും എന്നാൽ ആ മഹാനായ രാജാവിനെ തനിക്കു സന്ദൎശിക്കുവാൻ സാധിച്ചതുകൊണ്ട് ആ ബുദ്ധിമുട്ടുകളെ താൻ നിസ്സാരമായി പരിഗണിക്കുന്നുവെന്നും, വാംബേറി മറുപടി പറഞ്ഞു. യാത്രക്കു പണം ഉണ്ടോ എന്നു രാജാവ് ചോദിച്ചതിനു സന്യാസിമാൎക്കു പണം ആവശ്യമില്ലെന്നും തന്റെ ഗുരുവിന്റെ അനുഗ്രഹത്താൽ നാലഞ്ചുദിവസം ഉപവാസം ചെയ്യുവാൻ തനിക്കു ശക്തിയുണ്ടെന്നും അദ്ദേഹം ഉത്തരം പറഞ്ഞു. ഇതു കേട്ടു സന്തോഷിച്ച് ആ രാജാവ് അദ്ദേഹത്തിന് ൨൦-നാണയങ്ങളും ഒരു കഴുതയും സമ്മാനിച്ചു. തനിക്കു പണം ആവശ്യമില്ലെന്നു പറഞ്ഞ് അദ്ദേഹം ആ നാണയങ്ങളെ സ്വീകരിച്ചില്ല. ഇതു കണ്ടു രാജാവിന് അദ്ദേഹത്തിൽ വിശ്വാസം വൎദ്ധിക്കയും ഖീവയിൽ താമസിക്കുന്ന കാലമത്രയും ആ സന്യാസിക്കു സൎക്കാരിൽനിന്നും ഭക്ഷണംകൊടുക്കുവാൻ അദ്ദേഹം ഏൎപ്പാടുചെയ്കയും ചെയ്തു.

സന്തോഷത്തോടുകൂടി വാംബേറി രാജമന്ദിരത്തിൽ നിന്നും തിരിച്ചുപോന്നു. അനന്തരം അദ്ദേഹം ആ നഗരത്തിലുള്ള സകല സ്ഥലങ്ങളേയും സന്ദശിച്ചു. പതിനേഴ പള്ളികളും ഇരുപത്തിരണ്ടു മഠങ്ങളും ആ നഗരത്തിലുണ്ടായിരുന്നു. പൽവൻ അത എന്ന പള്ളി ആണ് അവയിൽ വച്ച് ഏററവും മനോഹരമായിരുന്നത്. ദേദീപ്യമാനമായ ഹരിതവണ്ണമുള്ള ഓടുകൾ അരുപത് അടി ഔന്നത്യമുള്ള അതിൻെറ അർദ്ധഗോളാകൃതിയായ ശൃംഗത്തെ ആവരണംചെയ്തിരുന്നു. അതിനകത്തു മനോഹരമായ ചിത്രപ്പണികളോടുകൂടിയ പച്ചനിറമുള്ള ഓടുകൾ പാകിയിരുന്നു. അതിൻെറ അന്തർഭാഗത്തു തന്നെ ഖീവാരാജാക്കന്മാരുടെ ശവകുടീരങ്ങളും കാണപ്പെട്ടു. ഖീവയിലെ ചന്തസ്ഥലങ്ങളിൽ അതിമധുരമായ ദ്രാക്ഷാ, ബദരം, തരംബൂജം മുതലായ ഫലങ്ങളും വിൽക്കുവാൻ ഉണ്ടായിരുന്നു. ചായക്കടകളും അവിടെ അനവധി ഉണ്ടായിരുന്നു.

കുറേദിവസം ഖീവയിൽ താമസിച്ചതിനു ശേഷം വാംബേറി തൻെറ ചങ്ങാതിമാരായ തീത്ഥയാത്രക്കാരോടുകൂടി മഹമ്മദശാസ്ത്രഭണ്ഡാരം എന്ന് അഭിധാനമുള്ള ബൊക്കാറാ നഗരത്തിലേക്കു യാത്രതിരിച്ചു. വെള്ളപ്പൊക്കമുണ്ടായിരുന്ന ആക്സസ് നദിയെ അവർ ഒരു കടത്തുവള്ളത്തിൽ കയറികടന്നു. അവരുടെ വാഹനമൃഗങ്ങളെ നദികടത്തിക്കുന്നതിന് ഒരു ദിവസം വേണ്ടിവന്നു. ആ നദീതീരങ്ങളിൽ കൂടികുറേദൂരം യാത്രചെയ്തതിനു ശേഷം ഖലതട്ചേരളി എന്ന മണല്ക്കാട്ടിൽ അവർ പ്രവേശിച്ചു.

ഈ മണൽക്കാടിൽ കൂടിയുള്ള യാത്രയെ വാംബേറി ഈപ്രകാരം വൎണ്ണിച്ചിരിക്കുന്നു. "ഞങ്ങൾ ആ മണൽക്കാടിൽ പ്രവേശിച്ചപ്പോൾ കുറെ നക്ഷത്രങ്ങളെ നഭോമണ്ഡലത്തിൽ കാണ്മാനുണ്ടായിരുന്നു. ഞങ്ങൾ പോകുന്ന വഴിക്കു കണ്ടേക്കാവുന്ന തുൎക്കോമാൻമാരുടെ ശ്രദ്ധയെ ആകൎഷിക്കാതെ ഇരിക്കുവാനായി ഞങ്ങൾ മരണാപമമായ നിശ്ശബ്ദതയോടുകൂടി യാത്രചെയ്തു. ചന്ദ്രൻ ഉദിക്കുന്നതിനു കുറെനേരം വേണ്ടിവരുമെന്നു ഞങ്ങൾക്ക് അറിയാമായിരുന്നതിനാൽ അവർ ഞങ്ങളെ കണ്ടുപിടിക്കുകയില്ലെന്നു ഞങ്ങൾ വിചാരിച്ചു. എന്നാലും ഞങ്ങൾ ഉണ്ടാക്കുന്ന ശബ്ദം കൊണ്ടു് അവർ ഞങ്ങളെ കണ്ടുപിടിക്കുവാൻ ഇടകൊടുക്കുകയില്ലെന്നും ഞങ്ങൾ നിശ്ചയിച്ചു. മണലിൽ ഒട്ടകങ്ങളുടെ ഖുരങ്ങൾ ശബ്ദം ഉണ്ടാക്കിയില്ല. ഞങ്ങളുടെ കഴുതകൾ കരഞ്ഞേക്കുമെന്നു ഞങ്ങൾ ഭയന്നു. അവ അപ്രകാരം ചെയ്കയാണെങ്കിൽ നിശ്ശബ്ദമായ രാത്രിയിൽ അവയുടെ ശബ്ദം വളരെ ദൂരത്തിൽ മാറെറാലികൊള്ളുമായിരുന്നു. അർദ്ധരാത്രിയാകാറായപ്പോൾ ഞങ്ങളുടെ കഴുതകളും, ഒട്ടകങ്ങളും ക്ഷീണിച്ചു വീഴുവാൻ പോകുന്നതുകണ്ടു ഞങ്ങൾ അവയിൽനിന്നും നിലത്തിറങ്ങി. ഇവിടെ അനന്തമായുള്ള ചെറിയ മണൽഗിരി പംക്തികൾ ഉണ്ടായിരുന്നു. ഈ അനന്തമായ മണലിൽക്കൂടി ശീതളമായ രാത്രിയിൽ എനിക്കു് അധികം ബുദ്ധിമുട്ടുകൾ കൂടാതെ നടക്കുവാൻ കഴിഞ്ഞു. എന്നാൽ നേരംവെളുക്കാറായപ്പോൾ നിരന്തരമായി ഞാൻ എന്റെ വടിയെ ആശ്രയിച്ചു നടന്നതിനാൽ എന്റെ കരങ്ങൾ പോളയ്ക്കുവാൻ തുടങ്ങി. അതുകൊണ്ടു് എന്റെ സാമാന

ങ്ങളെ ഒരു കഴുതയുടെ പുറത്തുവച്ചതിനു ശേഷം ഞാൻ എന്റെ ഒട്ടകത്തിൽ ആരോഹണം ചെയ്തു. ഭയങ്കരമായ ഒരു കൊടുങ്കാററിനാൽ ഉത്ഥാപിതമാക്കപ്പെട്ട കല്ലോലമാലകൾപോലെ ഉള്ള ഉന്നതഗിരികൾ ഒരു വശത്തും, പടിഞ്ഞാറൻ കാററിനാൽ മന്ദമായി ചലിപ്പിക്കപ്പെട്ട പ്രശാന്തമായ ഒരു തടാകത്തിലെ ജലത്തിനോട് ഉപമിക്കാവുന്ന മണൽ മറെറാരു വശത്തും ഉള്ളതും നോക്കെത്തുന്ന സ്ഥലത്തെല്ലാം വ്യാപിച്ചുകിടക്കുന്നതുമായ ഒരു മണൽസമുദ്രത്തിനെ വായനക്കാർതന്നെ മനസാ സങ്കല്പിക്കുക. മുകളിൽ യാതൊരു പക്ഷിയേയോ, നിലത്ത് യാതൊരു പുഴുവിനേയോ വണ്ടിനേയോ കാണ്മാനുണ്ടായിരുന്നില്ല. ഇവിടെ വച്ചു മരിച്ച മനുഷ്യരുടേയും മൃഗങ്ങളുടേയും അസ്ഥികളെ പിന്നിൽ വരുന്ന വഴിയാത്രക്കാൎക്ക് മാർഗ്ഗനിശ്ചയം വരുത്തുവാൻ മുമ്പിൽ പോകുന്ന പഥികന്മാർ ശേഖരിച്ചു കൂട്ടീട്ടുള്ള സഞ്ചയങ്ങളല്ലാതെ ഇവിടെ യാതൊന്നും ഉണ്ടായിരുന്നില്ല." ദാഹത്തിൽ നിന്നും ക്ഷീണത്തിൽനിന്നും ഉഷ്ണത്തിൽനിന്നും കഷ്ടപ്പെട്ടു അവർ ഇപ്രകാരം അതിൽ കൂടി സഞ്ചരിച്ചുതുടങ്ങിയതിന്റെ അഞ്ചാംദിവസം ടെബ്ബദ് എന്ന സംജ്ഞയുള്ള അത്യുഷ്ണസമീരണൻ അവരെ ആക്രമിച്ചു. ഇതിന്റെ ആഗമനത്തെ അവരുടെ ഒട്ടകങ്ങൾ മുൻകൂട്ടി അറിഞ്ഞു ഉറക്കെ നിലവിളിച്ചുകൊണ്ട് അവനിലത്തു വീണു മുഖങ്ങളെ മണലിൽ മറയ്ക്കുവാൻ ശ്രമിച്ചു. ഈ സജീവപ്രാകാരങ്ങളുടെ പുറകിൽ നമ്മുടെ തീൎത്ഥയാത്രക്കാരും ശയിച്ചു. അതിവേഗത്തിൽ ആ ഭയങ്കരമാരുതൻ അവരെ കടന്നു യാത്രചെയ്തുപോകുകയും ചെയ്തു. അപ്പോൾ അവരുടെ ദേഹങ്ങളിൽ

രണ്ടു അംഗുലംഘനത്തിൽ അഗ്നികണങ്ങൾപോലെ ജ്വലിക്കുന്നമണൽ പൊതിഞ്ഞിരുന്നു. ഭാഗ്യവശാൽ ഇതിൽനിന്നും അവർക്ക് അപകടം ഒന്നും ഉണ്ടായില്ല

അനന്തരം ഒരു നദിയെ കടന്നു ബൊക്കാറാ നഗരത്തിൽ അവർ പ്രവേശിച്ചു. അഫ്ഗാണിസ്ഥാൻ, ഇൻഡ്യ, ചീന, റഷ്യ, തുർക്കി മുതലായ രാജ്യങ്ങളുമായി വലുതായ കച്ചവടം നടത്തിവന്ന ഒരു പ്രധാനപട്ടണമായിരുന്നു ബൊക്കാറാ. എട്ടുമയിൽ ചുററളവും, എഴുപതിനായിരം ജനങ്ങളുമുണ്ടായിരുന്ന ഈ പട്ടണത്തിനെ ഇരുപത്ത് അടി പൊക്കമുള്ള കോട്ട മതിലുകൾ ചുററിയിരുന്നു. ഇവിടത്തെ ചന്ത സ്ഥലങ്ങളിൽ നീലത്തലപ്പാവുകളും വെള്ളത്തലപ്പാവുകളും ധരിച്ച പേർസ്യാക്കാരേയും, വക്രനേത്രങ്ങളും പ്രലംബഹനുക്കളും അശ്വചർമ്മകഞ്ചുകങ്ങളും ഉള്ള ടാർട്ടാർമാരെയും, ഗോപികൾ ധരിച്ച ഹിന്ദുക്കളേയും, മലിനവസ്ത്രങ്ങൾ ധരിച്ച അഫ്ഗാൺമാരേയും, സർവ്വവ്യാപികളായ ജൂതന്മാരേയും കാണ്മാനുണ്ടായിരുന്നു. ഈ ഹിന്ദുക്കളും ജൂതന്മാരും ഒരു പ്രത്യേക തരത്തിലുള്ള ഉഷ്ണീഷങ്ങളും, അരയിൽ വസ്ത്രങ്ങൾക്കു മുകളിൽ ഒരു ചരടും അവർ മഹമ്മദന്മാരല്ലെന്നു കാണിക്കുവാൻ ധരിച്ചിരിക്കുന്നതും വാംബെറി കണ്ടു.

ആ നഗരത്തിലുള്ള ഡിവാൻബെഗി എന്ന ചതുരശ്രാകൃതിയിലുള്ള കുളത്തിന്റെ തീരത്തിൽ ചായക്കടകൾ ധാരാളമായി കാണ്മാനുണ്ടായിരുന്നു. അതിന്റെ മൂന്നുവശത്തും ആഹാരസാധനങ്ങൾ വിൽക്കുവാൻ വെച്ചിട്ടുള്ള പീടികകളാണ സ്ഥിതിചെയ്തിരുന്നത്. നാലാമത്തെ വ

ശത്തു് ഒരു പള്ളിയുണ്ടായിരുന്നു. ആ പള്ളിയുടെ മുമ്പിലുള്ള വൃക്ഷങ്ങളുടെ ചോലകളിൽ മഹമ്മദ സന്യാസികൾ കൊറാനിൽനിന്നും സ്തോത്രങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. പ്രസിദ്ധമതഗുരുക്കളുടെ ജീവിതത്തിലുള്ള സംഭവങ്ങളെ അതിനു സമീപത്തു നടന്മാർ അഭിനയിക്കുന്നതിനെ കാണുവാൻ അനവധി ജനങ്ങൾ കൂടി നിൽക്കുന്നതും വാംബെറി കണ്ടു.

ഈ നഗരത്തിൽ ഉണ്ടായിരുന്ന നൂറിൽ അധികം മഹാപാഠശാലകളിൽ മഹമ്മദ്ദമതതത്വങ്ങളെ പഠിക്കുവാനായി പല രാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികൾ വന്നു താമസിച്ചിരുന്നു. നൂറിലധികം പള്ളികളും ഇവിടെ കാണ്മാനുണ്ടായിരുന്നു. ഈ പള്ളികളുടെ മുമ്പിൽ ഭക്തന്മാർ വൃത്താകാരത്തിൽ കൂടിയിരുന്നു മനസാ ഈശ്വരനെ ധ്യാനിക്കുന്നതും അവരിൽ മിക്കവരും നേത്രങ്ങൾ അടച്ചു ഘ്രാണേന്ദ്രിയങ്ങളിൽക്കൂടി ഘർഘരരവം പുറപ്പെടുവിക്കുന്നതും വാംബെറി വർണ്ണിക്കുന്നുണ്ടു്. ഈ രാജ്യത്തിലുള്ള നഗരങ്ങളിലെല്ലാം മതജ്ഞാനപരിശോധകന്മാർ ഉണ്ടായിരുന്നു. ഇവർ കശകളോടുകൂടി വീഥികളിൽ സഞ്ചരിച്ചു പാന്ഥന്മാരുടെ മഹമ്മദമതതത്വപരിജ്ഞാനത്തെ പരിശോധിക്കുകയും, മതപരിജ്ഞാനമില്ലാത്തവരെ—ബാലന്മാരായാലും ശരി, വൃദ്ധന്മാരായാലും ശരി—പത്തുപതിന്നാലുദിവസത്തേക്കു മതപാഠശാലകളിലേക്കു് അയക്കുകയും ചെയ്യുന്നു. പ്രാർത്ഥനസമയങ്ങളിൽ പള്ളിയിൽ പോകാത്തവരെ കശകൾകൊണ്ടു പ്രഹരിച്ചു പള്ളിയിലേക്കു് അയക്കേണ്ടതും ഇവരുടെ ജോലിയായിരുന്നു.

ബൊക്കാറയിൽനിന്നും വാംബേറി ആ തീൎത്ഥയാത്രക്കാരോടുകൂടി സമാൎക്കണ്ടു് നഗരത്തിലേക്കു യാത്രതുടങ്ങി. വഴിക്കു് അടുത്തടുത്തു സത്രങ്ങളും ചായക്കടകളും ധാരാളമായി കാണ്മാനുണ്ടായിരുന്നു. ലോകജേതാവായ തൈമൂർ എന്ന ടാർട്ടാർ ചക്രവൎത്തിയാൽ നാട്ടപ്പെട്ട ചതുരശ്രാകൃതിയിലുള്ള മയിൽക്കുററികൾ അവർ വഴിക്കു കണ്ടു. കുറെ ദിവസത്തെ യാത്ര കഴിഞ്ഞു് അവർ പ്രസിദ്ധനായ തൈമൂറിൻെറ രാജധാനിയായിരുന്ന സമാർക്കണ്ടിൽ പ്രവേശിക്കുകയും ചെയ്തു.

ചോബനട എന്ന ഒരു ഉന്നതഗിരിയുടെ ചുവട്ടിലാണു സമാൎക്കണ്ടു് നഗരം സ്ഥിതിചെയ്തിരുന്നതു്. പെർസ്യായുടെ തലസ്ഥാനമായ ടെഹറാൻ നഗരത്തിനോളം വിസ്താരം അതിനുണ്ടായിരുന്നു. എന്നാൽ അതിൽ ജനബാഹുല്യം അത്ര അധികം ഉണ്ടായിരുന്നില്ല. ആ നഗരത്തിലെ കോട്ടയ്ക്കകത്തുള്ള തൈമൂറിൻെറ കൊട്ടാരത്തെ വാംബേറി സന്ദൎശിച്ചു. അതിൽ ആ രാജാവിൻെറ ആസ്ഥാനമണ്ഡപം കാണ്മാനുണ്ടായിരുന്നു. ദീൎഘവും ഇടുങ്ങിയതും ആയ ആ മുറിയിൽ തൈമൂറിൻെറ സിംഹാസനം സ്ഥാപിക്കപ്പെട്ടിരുന്ന നാലു അടി പൊക്കമുള്ള പച്ചക്കല്ലിനെ അദ്ദേഹം സകൌതുകം കണ്ടു. ഈ കൊട്ടാരത്തിന്റെ സമീപം ആ ചക്രവൎത്തിയുടെ ശവകുടീരവും ഉണ്ടായിരുന്നു. അതിൻെറ ഭിത്തികളിൽ സ്വൎണ്ണവൎണ്ണത്തിലും നീലവൎണ്ണത്തിലും മനോഹരമായ ചിത്രപ്പണികൾ ചെയ്തിട്ടുണ്ടായിരുന്നു. തൈമൂർ ഗ്രീഷ്മകാലത്തിൽ നിവസിച്ചിരുന്ന രാജമന്ദിരവും, അദ്ദേഹം പണി കഴിപ്പിച്ച പള്ളിയും അനന്തരം വാംബേറി സന്ദൎശിക്കുകയും ചെയ്തു.

സമാർക്കണ്ടിൽനിന്നും പാശ്ചാത്യദേശങ്ങളിലേക്കു തിരിച്ചുപോകുന്നതിന് അദ്ദേഹം ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ സമാർക്കണ്ടിലെ രാജാവ്, ഒരു യുദ്ധത്തിൽ വിജയംനേടി ആ രാജധാനിയിൽ സൈന്യങ്ങളോടും ഭേരീരവങ്ങളോടും പ്രവേശിച്ചു. ആ ദിവസത്തെ അദ്ദേഹത്തിൻെറ പ്രജകൾ ഒരു വിശേഷദിവസമായി കരുതി. അനന്തരം വാംബേറി സമാർക്കണ്ടിലെ രാജാവിനെ സന്ദർശിച്ചു. സന്യാസിവേഷം ധരിച്ചിരുന്ന അദ്ദേഹം രാജസന്നിധിയിൽ പ്രവേശിച്ചപ്പോൾ ധൈര്യത്തെ അവലംബിച്ച് പതിവുപോലെ കൊറാനിലെ സ്തോത്രങ്ങൾ ചൊല്ലി രാജാവിനെ ആശീർവാദംചെയ്തു. പിന്നെ അദ്ദേഹം നിഷ്കപടസന്യാസിയെപ്പോലെ ആരുടേയും അനുവാദം ചോദിക്കാതെ രാജാവിൻെറ സമീപത്തു ചെന്നിരുന്നു. മഹമ്മദസന്യാസിമാർക്ക് ഈ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നതുകൊണ്ടു രാജാവ് ഇതിന് ഒരു തടസ്സവും ചെയ്തില്ല.

രാജാവ്—(വാംബേറിയെ സൂക്ഷിച്ചുനോക്കിക്കൊണ്ട്):—

"ഹേ, ഹാജി! അങ്ങ് തുർക്കിരാജ്യത്തിൽ നിന്നും തുർക്കിസ്ഥാനത്തിലെ മതഗുരുക്കളുടെ ശവകുടീരങ്ങളെ സന്ദർശിക്കുവാനാണു വന്നതു് എന്നു ഞാൻ കേട്ടു."

വാംബേറി:-"അതെ, രാജശ്രേഷ്ഠാ അവിടത്തെക്കണ്ടു് ആനന്ദിക്കുന്നതിനും കൂടിയാണു ഞാൻ ഇങ്ങോട്ടു തിരിച്ചതു്."

രാജാവ്:—"കൊള്ളാം. ഇത്ര ദൂരത്തുള്ള സ്ഥലത്തുനിന്നു ഇവിടെ വന്നതിന്നു വേറൊരു ഉദ്ദേശവും ഇല്ലെ?"

വാംബേറി:—"ഇല്ല. ബൊക്കാറയേയും മനോഹരമായ സമാർക്കണ്ടിനേയും സന്ദശിക്കുവാൻ എനിക്കു കുറെക്കാലംമുമ്പെ ആഗ്രഹം തുടങ്ങി. ഈ പാവനമായ സ്ഥലങ്ങളിൽ ഭക്തന്മാക്കു തലകുത്തിനടക്കുവാൻ തോന്നുമെന്നു് ഷെയിക്ക് ജടാൽ പറഞ്ഞതു വാസ്തവമാണെന്നു് എനിക്കിപ്പോൾ മനസ്സിലായി. ഇങ്ങിനെയുള്ള പരിശുദ്ധമായ സ്ഥലങ്ങളെ സന്ദശിക്കുവാനായി ഞാൻ കുറേക്കാലമായി ലോകമാസകലം അടനം ചെയ്യുകയാണു്."

രാജാവ്:—"എന്തു്! അങ്ങേടെ മുടന്തുംകൊണ്ടു ലോകമെല്ലാം എങ്ങിനെ ചുററിസഞ്ചരിക്കും? ഇതു് ഒരു അത്ഭുതംതന്നെ."

വാംബേറി:—"ഞാൻ പറയാൻ പോകുന്നതിനെ അവിടുന്നു ക്ഷമിക്കണം. അവിടത്തെ ലോകവിശ്രുതനായ പൂർവികനും മുടന്തു് ഉണ്ടായിരുന്നില്ലെ? അദ്ദേഹം കീഴടക്കാത്ത രാജ്യം ഈ ലോകത്തിൽ വല്ലതുംഉണ്ടൊ?"

ഇതുകേട്ടു് ആ രാജാവു വളരെ സന്തോഷിച്ചു അനന്തരം ആ രാജാവു സന്യാസിയുടെ യാത്രയിലുണ്ടായ വിശേഷങ്ങളേയും മററും അദ്ദേഹത്തിനോടു ചോദിച്ചു. അവരുടെ സമാഗമം അവസാനിക്കുന്നതിന്നു മുമ്പെ സമാർക്കണ്ടിലെ രാജാവു വാംബേറിക്കു് ഒരുജോടി കുപ്പായങ്ങളും കുറെനാണയങ്ങളും സമ്മാനിക്കയുംചെയ്തു.

ഇപ്രകാരം ആ രാജാവിൻെറ സംശയങ്ങളെ അദ്ദേഹം നശിപ്പിച്ചുവെങ്കിലും, യാദൃച്ഛികമായ വല്ല സംഭവങ്ങളാലും തൻെറ യഥാൎത്ഥം അദ്ദേഹം അറിഞ്ഞേക്കുമെന്നു ഭയന്നു വാംബേറി ഉടനെ തന്നെ അവിടെനിന്നും യാത്രതിരിക്കുവാൻ നിശ്ചയിച്ചു. തൻെറ ചങ്ങാതിമാരായ തീൎത്ഥയാത്രക്കാരോടു യാത്രപറഞ്ഞതിനു ശേഷം അദ്ദേഹം ഒരു കച്ചവടസംഘത്തിനോടു കൂടി കാൎഷി എന്ന നഗരത്തിലേക്കു യാത്രതിരിച്ചു. വഴിക്കു അവൎക്കു ഒരു ചെറിയ മണൽക്കാടു കടക്കേണ്ടിവന്നു. എന്നാൽ ഇതിൽ കിണറുകൾ ധാരാളമായി ഉണ്ടായിരുന്നതുകൊണ്ടു് അവൎക്കു യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. ബൊക്കാറ രാജ്യത്തിലെ രണ്ടാമത്തെ പ്രധാനനഗരമായിരുന്നകാൎഷി പിച്ചാൻകത്തികൾ ഉണ്ടാക്കുന്ന വ്യവസായത്തിനു പ്രസിദ്ധിനേടിയിരുന്നു. കാൎഷിയിൽനിന്നും അദ്ദേഹം ആക്സസ് നദീതീരത്തിലുള്ള കെക്കി നഗരത്തിൽ ചെന്നുചേൎന്നു. ഉന്നതമായ കോട്ടമതിലുകൾ ഉള്ള ഈ നഗരത്തിൽനിന്നും അദ്ദേഹം മഹമ്മദുനബിയുടെ ജാമാതാവും പ്രസിദ്ധയോദ്ധാവും ആയ ആലിയുടെ ശവകുടീരമുള്ള മെസറിഷെറിഫ് എന്ന സ്ഥലത്തെയും ബാക്കു നഗരത്തെയും സന്ദൎശിച്ചു. അനന്തരം ഹീററുനഗരത്തിലേക്കു് ഒരു കച്ചവടസംഘത്തിനോടുകൂടി അദ്ദേഹം യാത്ര ചെയ്യുകയും ചെയ്തു.

നൂറു പാന്ഥന്മാരും നാനൂറ് ഒട്ടകങ്ങളും മററും ഉള്ള ഈ സംഘത്തിൽ ടക്കോമാൻമാർ അടിമകളായി പിടിച്ചുകൊണ്ടുപോയിരുന്ന പലരും ഉണ്ടായിരുന്നു. ബന്ധുക്കൾ ഇവരുടെ ഉടമസ്ഥന്മാൎക്കു പണം കൊടുത്തു് ഇവ

രെ മോചിച്ചുകൊണ്ടു വരികയായിരുന്നുവെന്നു് വാംബേറി അറിഞ്ഞു. ഒരു മലംപ്രദേശത്തെ കടന്നു് ഈ സംഘം ഒടുവിൽ ഹീററിൽ ചെന്നുചേൎന്നു. പെൎസ്യ, അഫ്ഗാണിസ്ഥാൻ, ബൊക്കാറാ എന്ന രാജ്യങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന ഈ നഗരത്തിൽ സൌമ്യമായ ശീതോഷ്ണാവസ്ഥയും, ഫലവത്തായ പാടങ്ങളും തോട്ടങ്ങളും വലുതായ കച്ചവടവും ഉണ്ടായിരുന്നു. വാംബേറി ഹീററിൽ പ്രവേശിച്ചപ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ ഒരു നേരത്തെ ആഹാരസാധനങ്ങൾ വാങ്ങിക്കുവാൻപോലും പണം ഉണ്ടായിരുന്നില്ല. അതിനാൽ അവിടെ വെച്ചു് അദ്ദേഹം വളരെ കഷ്ടപ്പാടുകൾ അനുഭവിച്ചു. റോഡിന്നു് അരുകിലുള്ള ഭൂമിയിലായിരുന്നു അദ്ദേഹം രാത്രിയിൽ ശയിച്ചിരുന്നതു്. അദ്ദേഹത്തിന്റെ സ്നേഹിതനായ മുള്ള ഇഷക്കു് എന്ന ഒരുത്തൻ ഭിക്ഷ എടുത്തു സമ്പാദിച്ച ആഹാരസാധനങ്ങളിൽ ഒരു ഓഹരിയെ അദ്ദേഹത്തിന്നും നല്കിവന്നിരുന്നു. അവിടെനിന്നും പെൎസ്യയിലേക്കു പോകുവാൻ അദ്ദേഹം നിശ്ചയിച്ചു. അതിന്നു് ആവശ്യമുള്ള ധനത്തിന്നു വേണ്ടി അദ്ദേഹം ഹീററിലെ ഭരണാധികാരിയായ യാക്കൂബ് ഖാനെ സന്ദൎശിക്കുകയും ചെയ്തു.

കൊട്ടാരത്തിൽ ചെന്നു് ആ രാജകുമാരൻ ഇരുന്നിരുന്ന സ്ഥലത്തിന്നു ചുററും നിന്നിരുന്ന ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കൂടി സധൈൎയ്യം നമ്മുടെ കപടസന്യാസി മുൻപോട്ടു നടന്നു. രാജകുമാരന്റെ സമീപത്തിരുന്നിരുന്ന പ്രധാന മന്ത്രിയെ പിടിച്ചു മാററി അദ്ദേഹം ആ സ്ഥാനത്തു കേറി ഇരുന്നു. ഇതു കണ്ടു് അവിടെ ഉണ്ടാ

യിരുന്ന ഉദ്യോഗസ്ഥന്മാർ ചിരിച്ചു. അനന്തരം ആ സന്യാസി പതിവുള്ള ആശീർവാദം ചെയ്തു. ആ ബാലനായ രാജകുമാരൻ അദ്ദേഹത്തിനെ സൂക്ഷിച്ചുനോക്കി "അല്ലാവാണെ, നിങ്ങൾ ഒരു ഇംഗ്ലീഷുകാരനാണ്" എന്നു പുഞ്ചിരിയോടുകൂടി പറഞ്ഞു. ഇതു കേട്ടു വിശ്വസിക്കാതെ അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ ചിരിച്ചു തുടങ്ങി.

രാജകുമാരൻ:—"അങ്ങ് വേഷപ്രച്ഛന്നനായ ഒരു ഇംഗ്ലീഷുകാരനല്ലെ? സത്യം പറയണം."

വാംബേറി:—(കോപത്തെ നടിച്ചു)—"മതി. മതി. നേരമ്പോക്കായി പോലും ഒരു മതവിശ്വാസിയെ അവിശ്വാസിയെന്നു പറയുന്നവനും ഒരു അവിശ്വാസിയെപ്പോലെ നരകത്തിൽ പതിക്കുമെന്നുള്ള വാക്കുകൾ അവിടുന്നു കേട്ടിട്ടില്ലെ? എന്റെ തീർത്ഥയാത്രക്കു വല്ലതും തരണം അതിനായിട്ടാണ് ഞാൻ ഇവിടെ വന്നതു്."

ഇതു കേട്ട് ആ രാജകുമാരൻ തന്റെ ഊഹം ശരിയല്ലെന്നു തോന്നി. അദ്ദേഹത്തിനോടു കുറെ നേരം സംഭാഷണം ചെയ്ത് അദ്ദേഹത്തിന്റെ മതപരിജ്ഞാനവും തുർക്കി സുൽത്താന്റെ അനുജ്ഞാപത്രവും കണ്ടപ്പോൾ വാംബേറി ഒരു സന്യാസിതന്നെയെന്ന് ആ രാജകുമാരനും ഉദ്യോഗസ്ഥന്മാരും തീർച്ചപ്പെടുത്തി. ഒടുവിൽ അദ്ദേഹത്തിനു കുറെ പണവും കൊടുത്തു തന്നെ അവിടെ താമസിക്കുന്ന കാലം കൂടക്കൂടെ വന്നു കാണണമെന്നും പറഞ്ഞു് ആ രാജകുമാരൻ വാംബേറിയുമായുള്ള സമാഗമത്തെ

അവസാനിപ്പിച്ചു. ഈ ആജ്ഞ അനുസരിച്ചു വാംബേറി ആ രാജകുമാരനെ കൂടക്കൂടെ സന്ദർശിക്കുകയും ചെയ്തു.

൧൮൬൪-ൽ ഹീററററിൽ നിന്നും ഒരു കച്ചവടസംഘത്തിനോടുകൂടി വാംബേറി പെർസ്യായിലുള്ള ഷീയമതക്കാരുടെ പ്രധാന സ്ഥലമായ മെഷെദ് എന്ന നഗരത്തിലേക്കു യാത്രചെയ്തു. പെർസ്യയിൽ ഒരു ഉദ്യോഗം വഹിച്ചിരുന്ന കർണ്ണൽ ഡോൾമാജ് എന്ന ഇംഗ്ലീഷുകാരൻ അദ്ദേഹത്തിനെ അവിടെവെച്ചുസൽക്കരിച്ചു തന്നോടുകൂടെ പാർപ്പിച്ചു. അവിടെ കുറെ ദിവസം താമസിച്ചു വിശ്രമിച്ചതിനു ശേഷം അദ്ദേഹം യാത്രതുടൎന്നു ടെഹറാൻ, കാൺസ്റ്റാൻറിനോപ്പിൾ ഈ നഗരങ്ങളിൽ കൂടി തൻെറ സ്വദേശമായ ഹംഗേറി രാജ്യത്തിൻെറ തലസ്ഥാനമായ ബുഡാപെസ്ടിൽ ചെന്നുചേരുകയും ചെയ്തു.

അനന്തരം അദ്ദേഹത്തിനു ബുഡാപെസ്ട് നഗരത്തിലെ സൎവ്വകലാശാലയിൽ പൌരസ്ത്യഭാഷകളിൽ പ്രധാന അദ്ധ്യാപകപദം ലഭിക്കുവാൻ കഴിഞ്ഞു. മദ്ധ്യഏഷ്യയെക്കുറിച്ചു അനേകം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു. ൧൯൧൩-ൽ ആണു ഈ ധീരനായ സഞ്ചാരി പരലോകം പ്രാപിച്ചതു.

32.D
34287
O82:8M12:17
L6

———:0:———

# അദ്ധ്യായം ൨.

---

## പാൽഗ്രേവും അറേബ്യയും.

പാശ്ചാത്യന്മാർ ഏതൽപൎയ്യന്തം ശരിയായ നിരീക്ഷണം നടത്താതെയുള്ള അറേബ്യരാജ്യത്തിന്റെ അന്തർഭാഗങ്ങളിൽക്കൂടി ഇദംപ്രഥമമായി സഞ്ചരിച്ചവൻ വാംബെറിയെപ്പോലെ അതിസാഹസികനായ വില്ല്യം ഗിൽഫോർഡ് പാൽഗ്രേവ് എന്ന ഇംഗ്ലീഷുകാരനായിരുന്നു. സർ ഫ്രാൻസിസ് പാൽഗ്രേവ് എന്ന പ്രസിദ്ധചരിത്രകാരന്റെ രണ്ടാമത്തെ പുത്രനായ വില്ല്യംഗിൽഫോർഡ് പാൽഗ്രേവ് ൧൮൨൬-ൽ ഇംഗ്ലണ്ടിൽ ജനിച്ചു. അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ഫ്രാൻസിസ് ടേർണർ പാൽഗ്രേവ് ഒരു സാഹിത്യകുശലനും കവിയുമായിരുന്നു. ചാട്ടർഹൌസ് എന്ന പാഠശാലയിൽ പഠിക്കുമ്പോൾ വില്ല്യംഗിൽഫോർഡിന്നു ഒരു സ്വൎണ്ണമുദ്ര സമ്മാനം ലഭിച്ചു. ആക്സ്ഫോർഡ് സൎവ്വകലാശാലയിലെ ബി. ഏ. പരിക്ഷയിൽ അദ്ദേഹം ഒന്നാംക്ലാസിൽ ജയിച്ചു. അനന്തരം അദ്ദേഹത്തിന്നു ബൊംബയിലുള്ള പട്ടാളത്തിൽ ഒരു ഉദ്യോഗം ലഭിക്കുവാൻ കഴിഞ്ഞു. താമസിയാതെ അദ്ദേഹം ആ ഉദ്യോഗം രാജിവെച്ചു് ഒരു ജസ്യൂട്ട്സന്ന്യാസിയായിത്തീൎന്നു. ൧൮൫൩-ൽ അദ്ദേഹം ഇൻഡ്യയിൽനിന്നു റോമിലേക്കു യാത്രതിരിച്ചു. ആ നഗരത്തിൽ അദ്ദേഹം രണ്ടുവർഷം താമസിച്ചു. അനന്തരം അദ്ദേഹം സിറിയായിലും, പാലസ്റ്റൈനിലും ക്രിസ്തീയമതത്തെ പരത്തുവാനായി സഞ്ചരിച്ചു. ഇങ്ങിനെ സഞ്ചരിക്കുമ്പോൾ അദ്ദേ

ഹത്തിന് അറബിഭാഷയിൽ പാണ്ഡിത്യം സമ്പാദിക്കുവാനും അറബികളുടെ പല ആചാരങ്ങളും വിശ്വാസങ്ങളും മനസ്സിലാക്കുവാനും കഴിഞ്ഞു.

ഫ്രഞ്ചുചക്രവൎത്തിയായ നെപ്പോളിയൻ മൂന്നാമൻ അദ്ദേഹത്തിനെ ഫ്രാൻസിലേക്കു ക്ഷണിച്ചുവരുത്തി, വഹാബി എന്നു നാമമുള്ള മതഭ്രാന്തന്മാരായ ഒരു മഹമ്മദവൎഗ്ഗക്കാർ പാലസ്റ്റൈനിലെ ക്രിസ്ത്യാനികളെ വധിച്ച വൃത്താന്തങ്ങളെ അദ്ദേഹത്തിനോടു ചോദിച്ചറിഞ്ഞു. അനന്തരം ആ ചക്രവൎത്തിയുടെ അപേക്ഷപ്രകാരം അറേബ്യയുടെ മദ്ധ്യപ്രദേശങ്ങളും, പൂൎവ്വഭാഗങ്ങളും നിരീക്ഷണംചെയ്യുവാൻ അദ്ദേഹം നിശ്ചയിച്ചു. ഈ സഞ്ചാരങ്ങളിൽ അദ്ദേഹം ഒരു ക്രിസ്ത്യാനിയാണെന്നു മതഭ്രാന്തന്മാരായ അറബികൾ അറിഞ്ഞിരുന്നെങ്കിൽ അവർ ഉടനെ തന്നെ അദ്ദേഹത്തിനെ ഹനിക്കുമായിരുന്നു. എന്നാൽ പാൽഗ്രേവിന്റെ കൂൎമ്മബുദ്ധിയും, ധൈൎയ്യവും, അറബിഭാഷയിലും മഹമ്മദമതതത്വങ്ങളിലുമുള്ള പാണ്ഡിത്യവും ഈ അവസരങ്ങളിൽ അദ്ദേഹത്തിനെ അപകടങ്ങളിൽ നിന്നു രക്ഷിച്ചുകൊള്ളുകയുംചെയ്തു.

൧൮൬൨-ജൂൺമാസത്തിൽ സലിം എന്ന ഒരു സിറിയൻ യുവാവിനോടും മൂന്നു ബെദുവിൻ വൎഗ്ഗക്കാരായ അറബികളോടുംകൂടി പാൽഗ്രേവ് അറേബ്യയുടെ വടക്കുപടിഞ്ഞാറെ കോണിലുള്ള മാൻ എന്ന നഗരത്തിൽനിന്നും ഒട്ടകങ്ങളിൽ കയറി മദ്ധ്യഅറേബ്യയിലേക്ക് യാത്ര ആരംഭിച്ചു. അദ്ദേഹം ഒരു സിറിയന്റെ വേഷം ധരിച്ചിരുന്നു. ശണനിൎമ്മിതമായ ഒരു നീണ്ടകുപ്പായവും,

ശിഥിലമായ തുണി ശരായികളും, തലപ്പാവും, ചുളുങ്ങുന്ന ചെരിപ്പുകളും ആണു് ഈ വേഷത്തിന്റെ പ്രധാനമായ അംശങ്ങൾ. കൂടാതെ അദ്ദേഹത്തിന്റെ കൈവശം വിവിധവൎണ്ണത്തിലുള്ള വിലപിടിച്ച സിറിയാക്കാരുടെ കുപ്പായങ്ങളും ഉണ്ടായിരുന്നു. ഒരു മഹമ്മദനായ സിറിയൻ വൈദ്യന്റെ വേഷംധരിച്ചു് അറേബ്യയിൽകൂടി സഞ്ചരിക്കുവാനാണു് അദ്ദേഹം നിശ്ചയിച്ചിരുന്നതു്. അതിനായി കുറെ ഔഷധഗുളികകളേയും ചൂൎണ്ണത്തേയും അദ്ദേഹം കൊണ്ടുപോയിരുന്നു. അറബിഭാഷയിലുള്ള രണ്ടു വൈദ്യഗ്രന്ഥങ്ങളേയും, രഹസ്യമായി രണ്ടു ഇംഗ്ലീഷ് വൈദ്യഗ്രന്ഥങ്ങളേയും തന്റെ സഞ്ചിയിൽ വെയ്ക്കുവാൻ അദ്ദേഹം വിസ്മരിച്ചില്ല. സലിമിനെ ചിലപ്പോൾ വൈദ്യന്റെ ശിഷ്യനായും, ചിലപ്പോൾ ഒരു വ്യാപാരിയായും നടിപ്പിക്കണമെന്നു് അദ്ദേഹം വിചാരിച്ചിരുന്നതിനാൽ, കുറെ തുണിച്ചരക്കുകളും അദ്ദേഹം കൊണ്ടുപോയിരുന്നു.

സന്ധ്യാദിയായി വിഷമായ കുമ്മട്ടിച്ചെടിയും, ജീവജന്തുക്കളായി പെരിച്ചാഴിയും അരണയും മാത്രം ഉള്ള ഭയങ്കരവും, അത്യുഷ്ണവും, ജലശൂന്യവും ആയ ഒരു മണൽക്കാട്ടിൽകൂടി അവർ ആദ്യമായി യാത്രതുടങ്ങി. ഇതിൽകൂടി ദാഹപീഡിതരായി സഞ്ചരിക്കുമ്പോൾ ഒരിക്കൽ സിമൂം എന്ന അത്യുഷ്ണസമീരണൻ അവരെ ആക്രമിച്ചു. ആ ഭയങ്കരനായ മാരുതന്റെ ആഗമനം ഒരു ദിവസം മദ്ധ്യാഹ്നത്തിലായിരുന്നു. അത്യുഷ്ണമായ ഒരുകാററു കൂടക്കൂടെ ദക്ഷിണഭാഗത്തിൽനിന്നും വരുന്നതുകണ്ടു് അതിന്റെ കാരണമെന്തെന്നു് അന്വേഷിക്കുവാനായി അദ്ദേഹം

സലിമിൻെറ മുഖത്തുനോക്കി. അപ്പോൾ ആ യുവാവു കുപ്പായത്തിനെക്കൊണ്ടു മുഖംമൂടി അവൻ കയറിയിരുന്ന ഒട്ടകത്തിൻെറമുകളിൽ കമന്നുകിടക്കുന്നതു് അദ്ദേഹം കണ്ടു. ഇപ്രകാരം ശയിക്കുന്ന യുവാവിനോടു അദ്ദേഹം വീണ്ടുംവീണ്ടും ചോദിച്ചപ്പോൾ കുറെദൂരത്തിൽ അവരുടെ മുമ്പിൽകാണാവുന്ന ഒരു കൂടാരത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "അവിടെ ചെന്നെത്തിയാൽ നമുക്കു രക്ഷപ്പെടാം" എന്നുമാത്രം സലിം പറഞ്ഞു. അതിവേഗത്തിൽ അവർ അവരുടെ ഒട്ടകങ്ങളെ ആ സ്ഥലത്തേക്കു ഓടിച്ചു. ഇടവിട്ടു് അടിച്ചുകൊണ്ടിരുന്ന കാററിൻെറ ഉഷ്ണവും, ബലവും വർദ്ധിച്ചുതുടങ്ങി. ദിക്ചക്രം നീലലോഹിതവർണ്ണമായി ഒരു യവനികപോലെ നാലുവശത്തെയും പരിവേഷ്ടനംചെയ്തു. അതേസമയത്തുതന്നെ ഒരു വിസ്തീർണ്ണമായ അഗ്നികുണ്ഡത്തിൽ നിന്നും പ്രവഹിക്കുന്നതുപോലെയുള്ള ശ്വാസരോധകരമായ ഒരു ജ്വാലാനിലൻ അവരെ ആക്രമിച്ചു. തീവ്രവും തമോമയവും ആയ നരകത്തിൽ നിവസിക്കുന്നതുപോലെ അവർക്കു് അപ്പോൾ തോന്നുകയും ചെയ്തു.

ഭാഗ്യവശാൽ ഈ ഘോരസമീരണൻെറ ആരംഭകാലത്തിൽതന്നെ അവർ ആ കൂടാരത്തിൽ ചെന്നുചേൎന്നു. അതിനകത്തു് അവർ കുറേനേരം കമന്നുകിടന്നു. ആ സമയത്തു സന്തപ്തമായ ആയസ ഫലകവുമായി അംഗസമ്പർക്കം ഉണ്ടായതുപോലെ അവർക്കു തോന്നി. അനന്തരം അവർ എണീററു മുഖപ്പടങ്ങളെ മാററുകയും ചെയ്തു.

അനേകദിവസത്തെ യാത്രകഴിഞ്ഞു് അവർ ആ മരുഭൂമിമദ്ധ്യത്തിലുള്ള വാഡിസിർഹാൻ എന്ന ശാദ്വലപ്രദേശത്തു ചെന്നുചേൎന്നു. കുറെ ഫലവൃക്ഷങ്ങളും

റുകളും ഉണ്ടായിരുന്ന ഈ സ്ഥലത്തു ഷെരരട് അറബികളിൽ ചിലർ പാളയമടിച്ചു താമസിക്കുകയായിരുന്നു. അവർ നമ്മുടെ സഞ്ചാരികളെ സൽക്കരിച്ചു് അവക്കു ഭക്ഷണസാധനങ്ങൾ നൾകുകയും ചെയ്തു. അവിടെ നിന്നും യാത്രചെയ്തു് അവർ ജോഫ് എന്ന പ്രദേശത്തിൽ പ്രവേശിച്ചു. എഴുപതു മയിൽ നീളവും, പന്ത്രണ്ടു മയിൽ വീതിയും ഉള്ള ഈ ഫലവത്തായ പ്രദേശം ഉത്തരഭാഗത്തുള്ള സിറിയൻ മണൽക്കാടിനും ദക്ഷിണഭാഗത്തുള്ള അറേബ്യൻ മണൽക്കാടായ നെഫൂദിനും മദ്ധ്യേയായിരുന്നു സ്ഥിതിചെയ്തിരുന്നതു്. ഈ പ്രദേശത്തിൻെറ തലസ്ഥാനമായ ജോഫ് എന്ന നഗരത്തിൽ ഈന്തപ്പനകളും ഫലവൃക്ഷങ്ങളും ധാരാളം കാണ്മാനുണ്ടായിരുന്നു. ഇവിടെ ലഭിക്കുന്ന ഫലങ്ങൾ ദ്രാക്ഷാഫലവും, തണ്ണിമത്തങ്ങയും തുംബിഫലവും മററുമത്രെ.

ജോഫിലെ നിവാസികളുടെ പ്രധാനഭക്ഷണം സന്ധ്യക്കു് അല്പം മുമ്പേയുള്ള അത്താഴമാണു്. അപ്പോൾ അവർ മുഖ്യമായി ഭക്ഷിച്ചിരുന്നതു ഗോതമ്പുമാവു് ആയിരുന്നു. വെണ്ണ, മാംസം, സസ്യാദികൾ, പഴങ്ങൾ മുതലായവയും ചിലപ്പോൾ ഈ സമയത്തു് അവർ ഉപയോഗിച്ചിരുന്നു. വൃത്താകാരമായ ചെമ്പുപാത്രങ്ങളിലാണു് അവർ ആഹാരം കഴിച്ചിരുന്നതു്. പ്രഭാതത്തിൽ ഗോതമ്പു പലഹാരം അവർ ഭക്ഷിച്ചിരുന്നു. പച്ചവെള്ളമല്ലാതെ വേറെ ഒരു പാനീയങ്ങളേയും അവർ ഉപയോഗിച്ചിരുന്നില്ല.

ജോഫിൽ നിന്നും കുറെ ഈത്തപ്പഴവും ഗോതമ്പുമാവും വാങ്ങിക്കൊണ്ടു പാൽഗ്രേവ് നെഫൂദ് എന്ന മണൽക്കാട്ടിൽ കൂടി ജൂലൈ മാസത്തിൽ യാത്ര തുടങ്ങി. അദ്ദേഹത്തിനോടുകൂടി ഷെർത്തൂരമ്പിലെ ബെദൂവിൻ വൎഗ്ഗത്തിൽ ഉൾപ്പെട്ട ചില പ്രമാണികൾ ഉണ്ടായിരുന്നു. അറബികൾ പോലും ഭയപ്പെടുന്ന നെഫൂദ് എന്ന അതിഘോരമായ മണൽക്കാട്ടിൽ ഗ്രീഷ്മകാലത്തിൽ സധൈര്യം പ്രവേശിച്ച ആ സഞ്ചാരിയുടെ ധൃഷ്ടത അനൽപമത്രെ. നെഫൂദ് മണൽക്കാട്ടിലെ ഈഷദ് രക്തവൎണ്ണമായ മണൽ, തെക്കുവടക്കായി നെടുനീളത്തിൽ ഇരുനൂറു മുതൽ മുന്നൂറ് അടിവരെ ഔന്നത്യമുള്ള സമാന്തരമായ പൎവതപംക്തികളായി കൂട്ടപ്പെട്ടിരുന്നു. സികതാമയമായ ഈ ഗിരിമാലകളുടെ മദ്ധ്യേയുള്ള കന്ദരങ്ങളിൽ കൂടി സഞ്ചരിക്കുമ്പോൾ, ജ്വലിക്കുന്ന ഭിത്തികളോടു കൂടിയ ശ്വാസരോധകരമായ ബിലങ്ങളിൽ നിവസിക്കുന്നതുപോലെ അവൎക്കു തോന്നി. അവരുടെ തോൽസഞ്ചികളിലുള്ള ജലം അത്യുഷ്ണത്താൽ ആവിയായി കുറഞ്ഞുതുടങ്ങി. ദാഹപീഡിതരും, യാത്രാക്ലാന്തരും ആയ അവരിൽ പ്രചണ്ഡഭാനു നിൎദ്ദയനായി അംശുജാലങ്ങളെ പൊഴിച്ച് അവരുടെ വസ്ത്രങ്ങളേയും സാമാനങ്ങളേയും ചൂടിനാൽ അസ്പൃശ്യങ്ങളും ധൂമ്രഗന്ധഗ്രാഹികളും ആക്കിത്തീൎക്കുകയും ചെയ്തു.

ഈ മണൽക്കാട്ടിനെ തരണം ചെയ്ത് അവർ ജെബൽഷോമർ എന്ന മലംപ്രദേശത്തു ചെന്നുചേൎന്നു. മൂന്നുദിവസത്തെ യാത്രകൊണ്ട് അവൎക്ക് അതിന്റെ തലസ്ഥാനമായ ഹൈയെൽ എന്ന നഗരത്തിൽ എത്തു

വാൻ കഴിഞ്ഞു. ഇരുപത്തിഅയ്യായിരം ജനങ്ങൾ നിവസിച്ചിരുന്ന ഈ നഗരത്തെ ടൈലെൽ എന്നു നാമമുള്ള ഒരു രാജാവ് ഭരിച്ചിരുന്നു. ഇവിടത്തെ രാജമന്ദിരത്തിൻെറ ഉന്നതമായ മൺഭിത്തികളിൽ വാതായനങ്ങളായി ചെറിയ ദ്വാരങ്ങൾ ധാരാളം കാണ്മാനുണ്ടായിരുന്നു. അതിൻെറ പ്രധാന ദ്വാരത്തിൻെറ രണ്ടു വശത്തും ചതുരശ്രാകൃതിയിലുള്ള ഗോപുരങ്ങൾ നിൽക്കുന്നുണ്ട്. ഇതിനു സമീപത്തു് അടിച്ചൊതുക്കിയ തറയുള്ള ഒരു തുറന്ന സ്ഥലമായിരുന്നു ആ രാജാവിൻെറ കൂടിക്കാഴ്ചമുറി.

നമ്മുടെ സഞ്ചാരികൾ ആ കൊട്ടാരദ്വാരത്തിൽചെന്നു കുറേ നേരം കാത്തുനിന്നപ്പോൾ, കൊട്ടാരം സർവ്വാധികാര്യക്കാർ അവരുടെ സമീപത്തു വന്നു.

സർവ്വാധി:—"സലാം ആലൈക്കും."

അവരും ഉടനെ അദ്ദേഹത്തിനെ അഭിവന്ദനം ചെയ്തു.

സർവ്വാധി:—"നിങ്ങൾ എവിടെ നിന്നും വരുകയാണ്?".

പാൽഗ്രേവ്;—"ഞങ്ങൾ സിറിയാക്കാരായ വൈദ്യന്മാരാണ്".

സർവ്വാധി:—ഈ നഗരത്തിൽ എന്തിനു വന്നു?"

പാൽഗ്രേവ്:—"സർവ്വശക്തനായ അള്ളാവിൻെറ ദയവു ഞങ്ങൾക്കു വേണം. പിന്നെ ടൈലെൽ രാജാവിൻേറയും."

ഉടനെ ആ ഉദ്യോഗസ്ഥൻ ടൈലെലിൻെറ സ്തുതിഗീതങ്ങൾ ചൊല്ലിത്തുടങ്ങി. ഇപ്രകാരം അവർ ആ

ഗോപുരദ്വാരത്തിൽ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അവരുടെ സംഭാഷണം കേൾക്കുവാൻ കുറെ ജനങ്ങൾ അവിടെ വന്നുകൂടി. സിറിയായിലുള്ള ഡമാസ്കസ് നഗരത്തിൽ വെച്ച് തനിക്കു പരിചയമുള്ള ഒരു മഹമ്മദുകച്ചവടക്കാരനെ ഇവരുടെ ഇടയിൽ കണ്ടപ്പോൾ പാൽഗ്രേവിന്ന് അത്യന്തമായ ഭയം തോന്നി. അദ്ദേഹത്തിൻെറ ഉദ്ദേശസാദ്ധ്യത്തിന്നുമാത്രമല്ല ജീവരക്ഷയ്ക്കും കൂടി അദ്ദേഹത്തിൻെറ യഥാൎത്ഥം അവിടെ ഒരുത്തരും അറിയാതെ ഇരിക്കേണ്ടതു് അത്യാവശ്യമാണു്. ഈ ഭയങ്കരമായ കുടുക്കിൽനിന്നു രക്ഷപ്പെടുവാനുള്ള മാൎഗ്ഗം അദ്ദേഹം ആലോചിച്ചുതുടങ്ങി. അപ്പോൾ ആ കച്ചവടക്കാരൻ പാൽഗ്രേവിനെ ഒരു പഴയ സ്നേഹിതനോടെന്നപോലെ അഭിവാദനം ചെയ്തു് അവിടെ വന്നകാൎയ്യം എന്താണെന്നു ചോദിച്ചു. ഉടനെതന്നെ വേറൊരുത്തൻ മുമ്പോട്ടുവന്നു്, "ഞാൻ ഇദ്ദേഹത്തിനെ ഡമാസ്കസിൽവെച്ചു കണ്ടിട്ടുണ്ടു്" എന്നു പറഞ്ഞു. പിന്നെയും മൂന്നാമതായി പാൽഗ്രേവിനെക്കുറിച്ചു കേട്ടിട്ടുപോലും ഇല്ലാത്ത ഒരുത്തൻ അദ്ദേഹത്തിൻെറ സ്വദേശം കയറോ നഗരമാണെന്നും, അവിടെ അദ്ദേഹത്തിന്നു ഒരു വലുതായ ബംഗ്ലാവുണ്ടെന്നും രണ്ടു പുത്രികളുണ്ടെന്നും മററും പറഞ്ഞുതുടങ്ങി.

ഈ മിഥ്യാവാദിയുടെ വാക്കുകൾക്കു് ഉത്തരമായി താൻ കയറോ നഗരത്തിൽ നിവസിച്ചിരുന്നില്ലെന്നും മററും പറഞ്ഞു് അദ്ദേഹം അവനെ ലജ്ജിപ്പിച്ചു. മറെറ രണ്ടുപേരേയും അദ്ദേഹം ഇദംപ്രഥമമായി കാണുന്ന ഭാവം നടിച്ചു് അവൎക്കു് ആളു തെററിപ്പോയി എന്നു സധൈൎയ്യം പറയുകയും ചെയ്തു. ഈ സംഭാഷണമെല്ലാം കേട്ടുകൊണ്ടു നിന്നിരുന്ന ആ സൎവ്വാധികാൎയ്യക്കാരൻ ആ

ണ്യം പാൽഗ്രേവിനെ സംശയിച്ചുവെങ്കിലും ഒടുവിൽ അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും ഭാവത്തിൽ നിന്നും അദ്ദേഹം പറയുന്നതു സത്യമാണെന്നു വിശ്വസിച്ചു് അദ്ദേഹത്തിനേയും സലിമിനേയും കൊട്ടാരത്തിനകത്തു കൂട്ടിക്കൊണ്ടുപോയി. വെള്ളിത്തടിക്കാരെയും, വാൾക്കാരെയും കടന്നു് ഒൻപതു പീരങ്കികൾ നിരത്തിവെച്ചിരുന്ന ഒരു മുററത്തു് അവർ ആ ഉദ്യോഗസ്ഥനോടുകൂടി ചെന്നു അതിന്റെ ഒരുവശത്തുള്ള വിസ്താരമായ മുറിയിൽ അദ്ദേഹം നമ്മുടെ സഞ്ചാരികളെ സൽകരിച്ചിരുത്തി. ഉടനെ തന്നെ സർവ്വാധികാര്യക്കാർ അവൎക്കു കാപ്പി കുടിക്കുവാൻ കൊടുക്കയും ചെയ്തു. ടെലൈൽ നടക്കുവാൻ പോയിരിക്കയാണെന്നും തിരിച്ചുവന്നാലുടനെ അവൎക്കു് ആ രാജാവിനെ മുഖം കാണിക്കാമെന്നും അദ്ദേഹം പറഞ്ഞു. താമസിക്കാതെ ടെലൈൽ മന്ത്രിമാർസഹിതം തന്റെ കൂടിക്കാഴ്ചസ്ഥലത്തു വന്നു. ദൃഢഗാത്രനും കായബലമുള്ളവനും ആയ ആ രാജാവു സാധാരണയായി അറബികൾ ധരിക്കാറുള്ള വെള്ളക്കുപ്പായത്തിനുപുറമെ കാശ്മീരകമ്പിളികൊണ്ടുണ്ടാക്കപ്പെട്ട ഒരു ദീർഘമായ കഞ്ചുകവും, ഉഷ്ട്രരോമനിർമ്മിതമായ ഒരു നിചോളവും ധരിച്ചിരുന്നു ഒരു കസവുതലപ്പാവും സുവർണ്ണരത്നസംയുക്തമായ ഒരു ഖഡ്ഗവും ആയിരുന്നു അദ്ദേഹത്തിന്റെ വേഷശിഷ്ടങ്ങൾ. അവരുടെ പതിവുപോലെയുള്ള അഭിവന്ദനങ്ങളെ സ്വീകരിച്ചതിനുശേഷം ആ രാജാവു് അവരെ സൂക്ഷിച്ചുനോക്കി സർവ്വാധികാര്യക്കാരുടെ കർണ്ണത്തിൽ എന്തോ മന്ത്രിച്ചു. അനന്തരം അദ്ദേഹം അവിടെനിന്നും കൊട്ടാരത്തിന്റെ അന്തർഭാഗത്തിലേക്കു പോകുകയും ചെയ്തു.

രണ്ടുദിവസത്തിനകം സർവ്വാധികാൎയ്യക്കാർ നമ്മുടെ സഞ്ചാരികൾക്കു നിവസിക്കുവാൻ ഒരു ഭവനം ഏൎപ്പാടു ചെയ്തുകൊടുത്തു. ഇതിൽ താമസിക്കുമ്പോൾ ആ സിറിയൻ വൈദ്യനെ കാണ്മാനായി അനേകം രോഗികൾ അവിടെ വന്നു. അവൎക്കു വിശ്വാസം ജനിക്കത്തക്കവണ്ണം അദ്ദേഹം അവരുടെ രോഗങ്ങളെ ഭേദമാക്കുകയും ചെയ്തു. ഈ രോഗികൾ പണത്തിനു പകരം അദ്ദേഹത്തിന് ഈത്തപ്പഴം മുതലായ ഭക്ഷണസാധനങ്ങളാണ് സമ്മാനിച്ചിരുന്നത്. ഇങ്ങിനെ താമസിക്കുമ്പോൾ അദ്ദേഹം അവിടത്തെ ചന്തസ്ഥലവും, പള്ളിയും മററും സന്ദൎശിച്ചു. ഇവിടെയുള്ള ചന്തയിൽ അരി, ഗോതമ്പുമാവ്, കാപ്പിക്കുരു, സുഗന്ധദ്രവ്യങ്ങൾ മുതലായവ വില്ക്കുന്ന പീടികകൾ ധാരാളമായി കാണ്മാനുണ്ടായിരുന്നു. ചന്തയിലുള്ള വീഥികളിൽ ചരക്കുകയററിയ ഒട്ടകങ്ങൾ നിറഞ്ഞിരുന്നു. തണ്ണിമത്തങ്ങ, ചുരക്ക, മുതലായ സസ്യങ്ങളെ നാട്ടുപുറത്തു നിന്നു വന്ന സ്ത്രീകൾ ചന്തത്തെരുവുകളുടെ കോണുകളിൽ ഇരുന്നാണു വിററിരുന്നത്. അനേകം ചെമ്മാന്മാരെയും കൊല്ലന്മാരെയും ആ സ്ഥലത്തു പാൽഗ്രേവ് കണ്ടു.

അപരാഹ്നത്തിലുള്ള പ്രാൎത്ഥനസമയത്ത് ഒരിക്കൽ പാൽഗ്രേവ് അവിടെയുള്ള പള്ളിയെ സന്ദൎശിച്ചു. അപ്പോൾ അതിൽ ഒട്ടധികം ജനങ്ങൾ ഉണ്ടായിരുന്നു. പ്രാൎത്ഥന അവസാനിച്ചതിനുശേഷം അവരിൽ പാതി ജനങ്ങൾ അവിടെ നിന്നു പോകുക പതിവാണ്. ശേഷമുള്ളവർ ആ പള്ളിയുടെ മദ്ധ്യഭാഗത്തിൽ ചെന്ന് അവിടെ നിലത്തു വട്ടമിട്ട് ഇരിക്കുകയൊ തൂണുകൾ ചാരിനില്ക്കു

കയൊ ചെയ്യും. അനന്തരം ഒരു മതശാസ്ത്രപണ്ഡിതൻ ഇസ്ലാംമതസംബന്ധമായ ഗ്രന്ഥങ്ങളെ കുറേനേരം അവരെ വായിച്ചുകേൾപ്പിക്കുന്നു. ചിലപ്പോൾ ഇതു കേൾക്കുവാനായി ടെലൈൽ രാജാവു പ്രാൎത്ഥന കഴിഞ്ഞതിനു ശേഷം അവിടെ കുറേനേരം ഇരിക്കുന്ന പതിവുണ്ട്. ഒരു പത്തുമിന്നിട്ടുനേരം ഇതു കേട്ടതിനുശേഷം ആ രാജാവ് അവിടെനിന്നു പോകും. അപ്പോൾ ആ വായന അവസാനിക്കുകയും അവിടെയുള്ള ജനങ്ങൾ അവരുടെ ഭവനങ്ങളിലേക്കു തിരിച്ചുപോകുകയും ചെയ്യുന്നു.

ഈ പ്രാൎത്ഥന കഴിഞ്ഞതിനുശേഷം ടെലൈൽ രാജാവു പള്ളിക്കു പുറത്തുള്ള മുററത്തിൽ ഇരുന്നു താൻ രാവിലെ ചെയ്തുതീൎത്തിട്ടില്ലാത്ത രാജ്യകാൎയ്യങ്ങൾ അന്വേഷിക്കുക പതിവാണു്. നിസ്സാരമായ തൎക്കങ്ങൾ എല്ലാം അദ്ദേഹം ഈ സന്ദൎഭത്തിലാണു കേട്ടു തീൎച്ചചെയ്യുന്നതു്. ഈ നിസ്സാരതൎക്കങ്ങളെ കേൾക്കുമ്പോൾ അദ്ദേഹത്തിൻെറ അതിഗൌരവമായ മുഖത്തിൽപോലും ഒരു പുഞ്ചിരി കളിയാടുന്നു. അല്പകലഹങ്ങളെക്കുറിച്ചു് അന്യായങ്ങൾ കൊണ്ടുവരുന്ന വാദികൾക്കും പ്രതികൾക്കും ഒരുപോലെ അദ്ദേഹം അടിശിക്ഷകൾ വിധിച്ചിരുന്നുതാനും.

സെപ്ടംബർ മാസത്തിൻെറ ആരംഭത്തിൽ ടെലൈലിൻെറ ഒരു അനുജ്ഞാപത്രത്തോടും മൂന്നു മാൎഗ്ഗദൎശികളോടുംകൂടി ഹയെലിൽനിന്നും അതിൻ തെക്കുകിഴക്കുള്ള നെജദ് എന്ന രാജ്യത്തേക്കു പാൽഗ്രേവ് യാത്ര തുടങ്ങി. ഒരു ഫലവത്തായ പ്രദേശത്തുകൂടിയാണു് അവർ യാത്രചെയ്തതു്. കുറെദിവസത്തെ യാത്രകഴിഞ്ഞു്,

അവർ ബെറെയ്ഡാ എന്ന നഗരത്തിൽ ചെന്നുചേൎന്നു. ഒരു മാൎഗ്ഗദൎശിയെ ലഭിക്കുന്നതിനായി പാൽഗ്രേവ് ഇവിടെ കുറേദിവസം താമസിച്ചു. ഈ നഗരത്തിനെ ഉന്നതമായ കോട്ടമതിലുകൾ വളഞ്ഞിരുന്നു. ഇവിടത്തെ ചന്തസ്ഥലത്തു പെർസ്യാക്കാരായ കച്ചവടക്കാരെ അദ്ദേഹം കണ്ടു. ഇവിടത്തെ കിണറുകളിൽ നിന്നും വെള്ളം കോരിയെടുക്കുന്നതു കിണററുകയറുകളിൽ ചേൎത്തു കെട്ടിയിരുന്ന ഒട്ടകങ്ങളും, കഴുതകളും, ആയിരുന്നു. മട്ടുപ്പാവുകൾ ഉള്ള ഭവനങ്ങളാണ് ഇവിടെ കാണ്മാനുണ്ടായിരുന്നത്.

അക്ടോബർമാസത്തിൽ നമ്മുടെ സഞ്ചാരി ഈ നഗരത്തിൽനിന്നും നെജ്ദ് രാജ്യത്തിന്റെ തലസ്ഥാനമായ റീയാദ് നഗരത്തിലേക്കു യാത്ര ആരംഭിച്ചു. വഴിക്കു് ഒരു മണൽക്കാടിനെ അവർ കടന്നു. നെഫൂദിനെപോലെ ആയിരുന്നു ഈ മണൽക്കാട്ടു്. ഇതിലെ മണൽകുന്നുകൾക്കു നെഫൂദിലുള്ളവയെക്കാൾ ഔന്നത്യം കൂടിയിരുന്നു. ഈ മണൽക്കാടിൽകൂടി സഞ്ചരിച്ചുതുടങ്ങിയതിനു മൂന്നാം ദിവസം ൫൦൦ അടിയോളം താഴ്ചയുള്ളതും മൂന്നോ നാലോ മൈൽ ചുററളവുള്ളതും ആയ ഒരു കുഹരത്തിന്റെ പ്രാന്തപ്രദേശത്തു് അദ്ദേഹം ചെന്നുചേൎന്നു. അതിന്റെ അധോഭാഗത്തിൽ ശ്വേതവൎണ്ണമുള്ള ചൂൎണ്ണോപലശിലയും കുറെ ഭവനങ്ങളും വൃക്ഷങ്ങളും അദ്ദേഹം കണ്ടു. വാസിററ് എന്ന നാമമുള്ള ഈ ഗ്രാമത്തിൽ ഇറങ്ങി അതിനെ കടന്നു് ആ കുഹരത്തിന്റെ മറുകരയിൽ അവർ എത്തി. പിന്നെയും മണൽക്കാട്ടിൽകൂടി യാത്രചെയ്തു സൽംഫാ എന്ന നഗരത്തിൽ അവർ പ്രവേശിച്ചു. ഇവിടെനിന്നും

അറേബ്യയുടെ മദ്ധ്യഭാഗത്തുള്ള ജബൽടൈവൈക്ക് എന്നു പൎവ്വതനിരയെ അവൎക്കു കാണുവാൻ കഴിഞ്ഞു. സൽഫാ നഗരത്തിൽ കുറേദിവസം താമസിച്ചു വിശ്രമിച്ചതിനു ശേഷം അദ്ദേഹം ഈ പൎവ്വതനിരയുടെ സമീപപ്രദേശങ്ങളിലേക്കു യാത്രതുടൎന്നു. ഇതിന്റെ താഴ്വരകളിലാണു നെജ്ജട് രാജ്യത്തിന്റെ ഏററവും ഫലപുഷ്ടിയും ജനപുഷ്ടിയും ഉള്ള ഭാഗങ്ങൾ കാണപ്പെട്ടിരുന്നത്. ഒടുവിൽ അവർ നെജ്ജട്ടിന്റെ രാജധാനിയായ റീയട്ട് നഗരത്തിൽ ചെന്നുചേരുകയും ചെയ്തു,

ഉന്നതമായ കോട്ടമതിലുകളും ഗോപുരങ്ങളും സൌധങ്ങളും ഉള്ള ഈ നഗരത്തിനു ചുററും ഫലപുഷ്ടിയുള്ള ഈത്തപ്പനകളും പാടങ്ങളും തോട്ടങ്ങളും കാണ്മാനുണ്ടായിരുന്നു. അവിടത്തെ രാജാവായ ഫൈസൽ ഒരു വൃദ്ധനും ഭീരുവും അപരിഷ്കൃതനുമായിരുന്നു. മന്ത്രവാദത്തിൽ വിശ്വാസമുണ്ടായിരുന്ന ഈ രാജാവു നമ്മുടെ സഞ്ചാരികളെ സിറിയൻ മന്ത്രവാദികളെന്നു വിചാരിച്ചു് അവരോടു രാജധാനിയിൽ നിന്നും ഉടനെ തന്നെ പോകുവാൻ ആജ്ഞാപിച്ചു. എന്നാൽ ഒരു വലിയ ഉദ്യോഗസ്ഥന്റെ സഹായത്താൽ അവിടെ താമസിക്കുവാൻ ഒടുവിൽ ആ രാജാവു് അവരെ അനുവദിച്ചു. അവൎക്കു കൊട്ടാരത്തിൽനിന്നു തന്നെ ഗോതമ്പുമാവും അരിയും മാംസവും കാപ്പിയും ലഭിച്ചിരുന്നു. പാൽഗ്രേവ് ഈ സ്ഥലത്തും വൈദ്യനായി രോഗികളെ ചികിത്സിക്കുവാൻ തുടങ്ങി.

നെജ്ജട്ടിലെ അശ്വങ്ങൾ ദ്രുതഗതിക്കും സഹനശക്തിക്കും ലോകപ്രസിദ്ധിയെ സമ്പാദിച്ചവയായിരുന്നു.

ഒരു രാത്രം പകലു ഇവയ്ക്കു് ആഹാരമില്ലാതെ യാത്രചെയ്യുവാൻ കഴിയും. സാധാരണയായ അശ്വങ്ങളെക്കാൾ ഇവയ്ക്കു മനുഷ്യരോട്ടു് അധികം ഇണക്കമുണ്ടായിരുന്നു. ഈ നഗരത്തിൽ കുറേദിവസം താമസിച്ചതിനുശേഷം അവിടെനിന്നു പോകുവാൻ പാൽഗ്രേവു നിശ്ചയിച്ചു. എന്നാൽ വൈദ്യശാസ്ത്രത്തിൽ അദ്ദേഹം പ്രദൎശിപ്പിച്ച പാടവം കണ്ടു ഫൈസുളിന്നു് അദ്ദേഹത്തെ അയക്കുവാൻമനസ്സുണ്ടായിരുന്നില്ല. കൂടാതെ ആ രാജാവിന്റെ രണ്ടു പുത്രന്മാൎക്കും അദ്ദേഹത്തിൽനിന്നും ചില സഹായങ്ങൾ ആവശ്യമുണ്ടായിരുന്നതുകൊണ്ടു് അവരും അദ്ദേഹത്തിന്റെ യാത്രയെ തടഞ്ഞു. വൃദ്ധനായ ഫൈസുളിന്റെ മരണാനന്തരം രാജ്യം കൈക്കലാക്കണമെന്നു സവുദ്ദ് എന്നും അബ്ദുല്ലാ എന്നും നാമങ്ങളുള്ള ഈ രാജകുമാരന്മാൎക്കു് ഒരുപോലെ ആഗ്രഹമുണ്ടായിരുന്നു. ഇതിനായുള്ള പ്രയത്നങ്ങളിൽ നമ്മുടെ സിറിയൻ വൈദ്യന്റെ സഹായം അവർ അപേക്ഷിച്ചു. രാജ്യം കൈക്കലാക്കുവാൻ തന്നെ സഹായിച്ചാൽ ആ സിറിയൻ വൈദ്യനു് ഒരു വീടും പുരയിടവും ഭാൎയ്യയേയും സമ്മാനിക്കാമെന്നു് അബ്ദുല്ല പറഞ്ഞുതുടങ്ങി. എന്നാൽ നമ്മുടെ കപടവൈദ്യൻ അവയെ കൃതജ്ഞതാപൂൎവ്വം നിരാകരിക്കയും തനിക്കു ഹാസ എന്ന പ്രദേശത്തേക്കു് അത്യാവശ്യമായി പോകണമെന്നു ആ രാജകുമാരനോടു പറകയുംചെയ്തു. ഇതു് ആ രാജകുമാരനു് രസിച്ചില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ സംഭാഷണം കഴിഞ്ഞതിനു ശേഷം ഒരുദിവസം അബ്ദുല്ല പാൽഗ്രേവിനെ തന്റെ കൊട്ടാരത്തിലേക്കു

വരുത്തി കുറെ ഔഷധങ്ങൾ തനിക്കു ആവശ്യമുണ്ടെ ന്നു അദ്ദേഹത്തിനോടു പറഞ്ഞു. ഔഷധങ്ങൾ എന്തെ ല്ലാം വേണമെന്നു പാൽഗ്രേവു ചോദിച്ചപ്പോൾ കാഞ്ഞി രക്കുരുവിൽനിന്നും എടുക്കുന്ന മരണകരമായ സ്ട്രിക്ക് നൈൻ എന്ന ഔഷധത്തിനെ ആണ് അബ്ദുല്ല പ്രധാ നമായി ആവശ്യപ്പെട്ടതു്. സഹോദരനായ സവുദി നെ വിഷംകൊടുത്തു കൊല്ലുവാനാണ് ഇതിനെ ആ രാജ കുമാരൻ ആവശ്യപ്പെട്ടതു് എന്നു് അദ്ദേഹത്തിനു മനസ്സി ലാക്കുവാൻ കഴിഞ്ഞു. അതിനാൽ അദ്ദേഹം ഔഷധം കൊടുക്കാതെ പല ഒഴികഴിവുകളും പറഞ്ഞു് കൊട്ടാര ത്തിൽനിന്നും തിരിച്ചുപോന്നു. പിന്നെയും രണ്ടുമൂന്നുതവ ണ ഈ വിഷത്തിനെ തനിക്കു തരണമെന്നു് അബ്ദുല്ല അദ്ദേഹത്തിനോടു പറഞ്ഞു. അതു എന്തിനാണ് ആ രാ ജകുമാരൻ ആവശ്യപ്പെടുന്നതെന്നു തനിക്കു് അറിയാമെ ന്നും ആ പാപകർമ്മത്തിനായി ആ ഔഷധം എന്തു സംഭ വിച്ചാലും താൻ അബ്ദുല്ലക്കു കൊടുക്കുകയില്ലെന്നും പാൽ ഗ്രേവു രാജകുമാരനോടു തുറന്നു പറകയും ചെയ്തു. തന്നെ ആ കുപിതനായ രാജകുമാരൻ വധിപ്പിക്കുമെന്നു ഭയ ന്നു പാൽഗ്രേവ് ഉടനെതന്നെ ആ നഗരത്തിൽ നിന്നു പോകുവാൻ നിശ്ചയിച്ചു. അവിടെയുള്ള കൊട്ടാര ഉദ്യോ ഗസ്ഥനെ സേവപിടിച്ചു് അവിടെനിന്നും ആരും അറി യാതെ യാത്രചെയ്‌വാനുള്ള ഒരുക്കങ്ങൾ അദ്ദേഹം ചെ യ്തുതുടങ്ങി. യാത്രതിരിക്കുവാൻ നിശ്ചയിച്ചിരുന്ന ദിവസം സന്ധ്യക്കു് അബ്ദുല്ല അദ്ദേഹത്തിനെ കൊട്ടാരത്തിലേക്കു കൂട്ടിക്കൊണ്ടു ചെല്ലുവാനായി ഒരു ദൂതനെ അയച്ചു. ച ഞ്ചലഹൃദയത്തോടുകൂടി അദ്ദേഹം അബ്ദല്ലയുടെ കൊട്ടാ

ത്തിൽ ചെന്നു. അവിടെ് അബ്ദുല്ലയും അദ്ദേഹത്തിന്റെ പക്ഷത്തിലുള്ള ഉദ്യോഗസ്ഥന്മാരും ആയുധപാണികളായ പതിനെട്ടു ഭടന്മാരും ഉണ്ടായിരുന്നു. തന്റെ സ്നേഹിതനായ കൊട്ടാരഉദ്യോഗസ്ഥനെ അവരുടെ ഇടയിൽ കണ്ടതുകൊണ്ടു് പാൽഗ്രേവിനു സ്വല്പം ആശ്വാസം തോന്നി. അബ്ദുല്ലയെ യഥാവിധി അഭിവന്ദനം ചെയ്തതിനു ശേഷം ആ രാജകുമാരന്റെ ആജ്ഞ അനുസരിച്ചു് അദ്ദേഹം അവിടെ ഇരുന്നു.

അബ്ദുല്ല—"താൻ ആരാണെന്നു് എനിക്കറിയാം. താൻ ഒരു ക്രിസ്ത്യാനിയായ ചാരനാണു്. ഇവിടത്തെ ആളുകളുടെ മതത്തേയും രാജ്യത്തേയും നശിപ്പിക്കുവാനാണു തന്നെ തന്റെ യജമാനൻ അയച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള ചാരന്മാക്കു മരണശിക്ഷയാണു് ഞങ്ങൾ സമ്മാനിക്കാറുള്ളതു്. അതു് ഇപ്പോൾ തന്നെ ഞാൻതന്നെ അനുഭവിപ്പിക്കുകയും ചെയ്യും."

പാൽഗ്രേവ്—(ധൈര്യത്തെ നടിച്ചു)—അവിടുന്നു് കള്ളം പറഞ്ഞതിനു് അള്ളാവിനോടു മാപ്പു ചോദിക്കണം"

ഈ വിചാരിച്ചിരിക്കാത്ത ഉത്തരം കേട്ടു അബ്ദുല്ല അതിശയംകൊണ്ടു് ഒന്നു ഞെട്ടി.

അബ്ദുല്ല—"ഞാൻ കള്ളംപറഞ്ഞോ?"

പാൽഗ്രേവ്—"അതെ. ഞാൻ ക്രിസ്ത്യാനി എന്നു് അങ്ങു വിചാരിച്ചുകൊള്ളണം. എന്നാൽ എന്നെ ചാരനെന്നു് ആരും പറകയില്ല. ഞാൻ ഒരു സാധുവായ വൈദ്യനാണു്. എന്നെ കൊല്ലുവാൻ അവിടത്തേക്കു കഴിയുകയില്ല. അതിനു് അവിടത്തേക്കു ധൈര്യവും തോന്നുകയില്ല."

അബ്ദുല്ല—"അതു ഞാൻ ചെയ്യുവാൻ മടിക്കുകയില്ല. എന്നെ ആരു തടുക്കുമെന്നു കാണട്ടെ. എനിക്കു അങ്ങിനെ ചെയ്യുവാൻ ധൈൎയ്യമുണ്ടോ ഇല്ലയോ എന്നു തനിക്കു താമസിക്കാതെ അറിയുവാൻ കഴിയും"

പാൽഗ്രേവ്:—"അവിടത്തേക്ക് അതിന് അധികാരമില്ല. ഞാനും എന്റെ ശിഷ്യനും അവിടത്തെ പിതാവിന്റെയും അവിടത്തെയും അതിഥികളാണ്. നെജദിലെ അതിഥിസൽക്കാരവിധിയെ ലംഘിച്ച് അവിടുന്ന് ഇപ്രകാരം തുടങ്ങുന്നതിനു ഞങ്ങൾ എന്തു കുററം ചെയ്തു? അതിഥികളായ ഞങ്ങളെ വധിച്ചാൽ അങ്ങേക്ക് ലജ്ജകൊണ്ടു തലപൊക്കി നടക്കുവാൻ വയ്യാതെ ആയിത്തീരും."

അബ്ദുല്ല—"അതു ചെയ്തതു ഞാനാണെന്ന് ആരും അറിയുകയില്ല. എന്റെ ഭൃത്യന്മാർ ആരും അറിയാത്തവിധത്തിൽ നിങ്ങളെ വധിക്കും."

പാൽഗ്രേവ്—"അവിടത്തെ പിതാവിനു ഞങ്ങളെ അറിഞ്ഞുകൂടെ? കൊട്ടാരത്തിലുള്ള എല്ലാവൎക്കും ഞങ്ങളെ ഓൎമ്മകാണും. പ്രത്യേകിച്ച് അവിടത്തെ ജ്യേഷ്ഠനായ സവൂദ് രാജകുമാരൻ ഞങ്ങളെ കണ്ടില്ലെങ്കിൽ അന്വേഷണം നടത്തും. ഞാൻ ഇപ്പോഴും ഇവിടെ വന്നതും പലൎക്കും അറിയാം. ഇവിടെ ഇരിക്കുന്ന ചിലരും എന്റെ മരണത്തെപ്പററി പുറത്തു പറയാതെ ഇരിക്കുകയില്ല. അതുകൊണ്ടു് അവിടുന്ന് ഈ വിചാരത്തെ ഉപേക്ഷിക്കണം. ഞാൻ ഒരു കൊച്ചുകുട്ടിയാണെന്നൊ അവിടുന്ന് വിചാരിക്കുന്നതു്?"

അബ്ദുല്ല അദ്ദേഹത്തിനെ വധിക്കുമെന്നു വീണ്ടും പറഞ്ഞു.

പാൽഗ്രേവ് (ഉച്ചസ്വരത്തിൽ)—"എനിക്കും എന്റെ ശിഷ്യനും റീയാദിൽനിന്നും പെർസ്യൻ ഉൾക്കടൽ വരെയുള്ള യാത്രയിൽ വല്ലതും അപകടം സംഭവിക്കുകയാണെങ്കിൽ അതിനു ഉത്തരവാദി അബ്ദുല്ല രാജകുമാരനാണെന്നു നിങ്ങൾ എല്ലാവരും മുൻകൂട്ടി അറിഞ്ഞിരിക്കണം. അദ്ദേഹം തന്നെ അതിന്റെ ഫലങ്ങൾ അനുഭവിക്കും."

അനന്തരം അല്പനേരത്തേക്കു് ആരും ഒന്നും സംസാരിച്ചില്ല. ഒടുവിൽ അബ്ദുല്ല ഒരു അടിമയെ വിളിച്ചു കാപ്പികൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അവൻ ഒരു പാത്രത്തിൽ കാപ്പികൊണ്ടുവന്നു് അബ്ദുല്ലയുടെ ആജ്ഞ അനുസരിച്ചു പാൽഗ്രേവിനു കൊടുത്തു. ഇതിൽ വിഷം ചേർത്തിരിക്കുമെന്നു് അദ്ദേഹം ഭയന്നുവെങ്കിലും, ആ ഭയത്തെ വെളിയിൽ പ്രദർശിപ്പിക്കുന്നതു് ആപൽക്കരവും അനൌചിത്യവുമാണെന്നു കരുതി അബ്ദല്ലയുടെ മുഖത്തു നോക്കിക്കൊണ്ടു് അദ്ദേഹം ധൈര്യസമേതം ആ കാപ്പി കുടിച്ചു. ഈ ധൈര്യപ്രവൃത്തി അവിടെ ഉണ്ടായിരുന്നവരുടെ മനസ്സിൽ നല്ലതിൻവണ്ണം പതിഞ്ഞു. ഉടനെ തന്നെ പാൽഗ്രേവിന്റെ സ്നേഹിതനായ കൊട്ടാരം ഉദ്യോഗസ്ഥൻ അദ്ദേഹം ഒരു ചാരനല്ലെന്നും മററും പറഞ്ഞു് ആ രാജകുമാരനെ സമാധാനപ്പെടുത്തി. അതിഥികളെ വധിക്കുന്നതു യോഗ്യമല്ലെന്നു കാണിക്കുവാൻ പാൽ

ഗ്രേവ് കോറാനിൽ നിന്നും അനേകം ഭാഗങ്ങൾ ആ രാജകുമാരനെ ചൊല്ലിക്കേൾപ്പിച്ചു. ഒടുവിൽ അദ്ദേഹം ജീവനോടു കൂടി താൻ താമസിച്ചിരുന്ന സ്ഥലത്തേക്കു തിരിച്ചുപോരുകയും ചെയ്തു.

ഈ സംഭവത്തിനു മൂന്നാം ദിവസം പാൽഗ്രേവും ശിഷ്യനും ഒരു സന്ധ്യക്കു് അവിടെനിന്നും ആരും കാണാതെ യാത്രതിരിച്ചു. കുറേദൂരം സഞ്ചരിച്ചു ടൌവൈക്ക പർവ്വതദരികളിൽകൂടി അവർ അറേബ്യയുടെ ദക്ഷിണഭാഗത്തുള്ള ദഹ്ന എന്ന അതിഭയങ്കരമായ മണൽക്കാടിൽ പ്രവേശിച്ചു. അറേബ്യയിലുള്ള വേറെ ഒരു മണൽക്കാടിനേയും അറബികൾ ഇതിനെപ്പോലെ ഭയന്നിരുന്നില്ല. ഇതിൽ മാരുതൻ ക്ഷണഭംഗുരമായ മണൽകുന്നുകളേയും താഴ്‌വരകളേയും സദാ നിർമ്മിച്ചിരുന്നതുകൊണ്ടു് ഇതിൽക്കൂടി സഞ്ചരിക്കുന്നവർ മാർഗ്ഗനിശ്ചയമില്ലാതെ ക്ഷുത്പീഡിതരായി സാധാരണയായി മരിക്കാറുണ്ടായിരുന്നു. അനേകം കച്ചവട സംഘങ്ങൾ ആസകലം ഇപ്രകാരം ഈ അത്യുഷ്ണമുള്ള മണൽക്കാടിൽ നശിച്ചിരുന്നു. ഇതിനാൽ ഇതിൽ അതി ഭയങ്കരമായ ഭൂതങ്ങൾ നിവസിച്ചിരുന്നുവെന്നു് അറബികൾ വിശ്വസിച്ചുവന്നു. ഇതിന്റെ ഒരു കോണിൽ കൂടിയാണു പെർസ്യൻ ഉൾക്കടൽ തീരത്തുള്ള ഹാസ എന്ന പ്രദേശവും നെജദ് രാജ്യവും തമ്മിൽ കച്ചവടം നടത്തിവന്നിരുന്നതു്. ഈ കച്ചവട സംഘങ്ങൾക്കു വഴി തെററിപ്പോകാതെ ഇരിക്കുവാനായി ഈ വഴിക്കു രണ്ടു വലുതായ ശിലാസമുച്ചയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഈ വഴിയിൽക്കൂടി നമ്മുടെ സഞ്ചാരികൾ യാത്രചെയ്തു ഒരു പർവ്വതപംക്തിയെ കടന്നു്

ഫാസാ എന്ന പ്രദേശത്തിൽ പ്രവേശിച്ചു. ഫാസയുടെ തലസ്ഥാനമായ ഹോഫ് ഹൂഫ് നഗരം അവർ സമീപിക്കാറായപ്പോൾ അവർ ഒരു വിശേഷം കാണുകയുണ്ടായി.

അവരുടെ മുമ്പിലായി കുറെ ദൂരത്തിൽ വെളുത്ത മണലിൽ അനേകം കറുത്ത പുള്ളികൾ ചിതറിക്കിടക്കുന്നതു് അവർ കണ്ടു. അതേസമയത്തുതന്നെ ബരടങ്ങൾ ഉണ്ടാക്കുന്ന ശബ്ദംപോലെ ഒരു ശബ്ദം നിലത്തുനിന്നും മേല്പോട്ടു പൊങ്ങുകയും അവരുടെ ഒട്ടകങ്ങൾ ഭ്രാന്തുപിടിച്ചതുപോലെ തുള്ളിച്ചാടിത്തുടങ്ങുകയും ചെയ്തു. ഇതിന്നു കാരണം ദഹനയിൽകൂടി കടന്നുവന്നു് ഇവിടെ നിലത്തു പതിച്ചിരുന്നതായ ഒരുമാതിരി ശലഭങ്ങളായിരുന്നു. സൂൎയ്യാസ്തമനത്തിന്നുശേഷം ഉണ്ടാകുന്ന തണുപ്പിനാൽ ഇവ നിലത്തുപതിച്ചു നിശ്ചലമായി കിടക്കുകയും സൂൎയ്യൻ ഉദിക്കുമ്പോൾ നിലത്തുനിന്നു് പറന്നുപോകുകയും ചെയ്യുന്നു. പാൽഗ്രേവിന്റെ അനുചരന്മാരായ അറബികൾ ഈ ശലഭങ്ങളെ പിടിച്ചു് അവയെ വറുത്തുതിന്നു, അറബികൾ ഈ ശലഭങ്ങളെ ഒരു രുചികരമായ ഭക്ഷണസാധനമായി പരിഗണിച്ചിരുന്നതാണു.

അനന്തരം അവർ ഫാസയുടെ തലസ്ഥാനവും നെജദിലെ ഗവൎണ്ണരുടെ വാസസ്ഥലവുമായ ഹോഫ് ഹൂഫ് എന്ന നഗരത്തിൽ ചെന്നുചേൎന്നു. ഇവിടെ പാൽഗ്രേവു് കുറേദിവസം താമസിച്ചു് അനേകം രോഗികളെ ചികിത്സിച്ചു. ഇതിന്നു സമീപമുള്ള പ്രദേശങ്ങളിൽ ഈത്തപ്പന കൂടാതെ കരിമ്പു്, പരുത്തി, നെല്ലു് മുതലായവയെ കൃഷി ചെയ്തിരുന്നുവെന്നു പാൽഗ്രേവു് പറയുന്നുണ്ടു്.

ഹോഫ്ഹൂഫിന് എട്ടുമയിൽ വടക്കായി ഒമ്ർസബാ എന്നപ്രസിദ്ധപ്പെട്ട ഉഷ്ണസ്രോതസ്സ് സ്ഥിതിചെയ്തിരുന്നു. ഇതു് ഒരു വൃത്താകാരമായ തടാകത്തിൽ ഉത്ഭവിച്ചു് അതിന്റെ തീരം കവിഞ്ഞു് ഏഴു ചാലുകളിൽകൂടി ഒഴുകുന്നു. ഈ തടാകത്തിനു ചുററും പനകൾ ചോലയുണ്ടാക്കിത്തീൎത്തിരുന്നു. ഈ തടാകത്തിലെ ജലത്തിന്റെ ചൂടുകൊണ്ടു ഇതിൽ ജീവജന്തുക്കൾ അധിവസിച്ചിരുന്നില്ല.

ഒമാൻ എന്ന രാജ്യം സന്ദർശിക്കണമെന്നു നിശ്ചയിച്ചു പാൽഗ്രേവു് ഹോഫ്ഹൂഫിൽനിന്നും പേർഷ്യൻ ഉൾക്കടൽ തീരത്തുള്ള കതീഫ എന്ന നഗരത്തിൽ ചെന്നു് ഒമാനിലേക്കു കപ്പൽകയറി. വഴിക്കുള്ള നഗരങ്ങളിൽ കുറെ ദിവസങ്ങൾവീതം ഇറങ്ങി താമസിച്ചുകൊണ്ടാണു് അദ്ദേഹം ഒമാനിലേക്കു യാത്രചെയ്തതു്. അവിടങ്ങളിലുള്ള മുത്തുച്ചിപ്പി എടുക്കുന്ന വ്യവസായത്തിനെപ്പററി അദ്ദേഹം പറയുന്നുണ്ടു്. മുത്തുച്ചിപ്പി എടുക്കുന്നവർ ആണ്ടിൽ ആറുമാസം കടലിൽതന്നെ കഴിച്ചുകൂട്ടുന്നു. ഈ സമയങ്ങളിൽ കടൽക്കരയിലുള്ള വള്ളങ്ങൾതന്നെ അവരുടെ ഭവനങ്ങൾ. ശേഷമുള്ള ആറുമാസങ്ങൾ അവർ കച്ചവടത്തിൽ ഏർപ്പെട്ടു് ഉപജീവിച്ചിരുന്നതാനും.

ഓർമസ് കടലിടുക്കുകഴിഞ്ഞു് ഒമാൻ രാജ്യത്തിന്റെ തലസ്ഥാനമായ മസ്കററ് സമീപിക്കാറായപ്പോൾ ഒരു ഭയങ്കരമായ കൊടുങ്കാററു് ഉണ്ടായി അദ്ദേഹം കയറിയിരുന്ന കപ്പൽ മുങ്ങി. അതിൽ ഉണ്ടായിരുന്ന ആറുപേർ കപ്പലിനോടുകൂടി കടലിലേക്കു താണുപോയി. പാൽഗ്രേവും ശേഷമുള്ളവരും കപ്പൽ മുങ്ങുന്നതിനു മുമ്പിൽ

സമുദ്രത്തിൽ ചാടി നീന്തിത്തുടങ്ങി. കുറെ നേരം പാൽഗ്രേവു കപ്പലിൻെറ പൊങ്ങിക്കിടന്നിരുന്ന ഒരു പലകയെ പിടിച്ചുകൊണ്ടു വെള്ളത്തിൽ കിടന്നു. അനന്തരം കുറെ ദൂരെയായി കപ്പലിൽ ഉണ്ടായിരുന്ന ഒരു ബോട്ടു പൊങ്ങിക്കിടക്കുന്നതുകണ്ടു് അദ്ദേഹവും വേറെ പതിനൊന്നുപേരും നീന്തിച്ചെന്നു് അതിൽ കയറി. അല്പനേരം കഴിഞ്ഞപ്പോൾ മൂന്നുപേർകൂടി നീന്തി ആ ബോട്ടിൻെറ സമീപത്തുചെന്നു. എന്നാൽ ആ ബോട്ടിൽ അവൎക്കുകൂടി സ്ഥലമില്ലായിരുന്നതിനാൽ ബോട്ടിലുള്ളവർ അവരെ അതിൽ കയററിയില്ല. ഭാഗ്യവശാൽ കപ്പലിൻെറ പാമരം പൊങ്ങിക്കിടക്കുന്നതുകണ്ടു് ഈ മൂന്നു നിൎഭാഗ്യവാന്മാരും അതിനെ പിടിച്ചുകൊണ്ടു ബോട്ടിൻെറ പുറകെ നീന്തി! ബോട്ടിലുള്ളവർ അവരെ സഹായിക്കുവാനായി ആ പാമരത്തെ ബോട്ടിനോടുകൂടി ഒരു കയറുകൊണ്ടു ബന്ധിക്കുകയും ചെയ്തു.

കാററു് ശമിക്കാത്തതിനാൽ ആ ബോട്ടിൽ വെള്ളം കയറിത്തുടങ്ങി. അതിൽ ഉണ്ടായിരുന്ന നാവികന്മാർ ആ ബോട്ടു് അവരുടെ സ്വന്തമാണെന്നും, അധികം ആളുകൾ അതിൽ കയറിയിരുന്നതിനാൽ അതു മുങ്ങിപ്പോകുമെന്നും, അതുകൊണ്ടു യാത്രക്കാരായവരെ അതിൽനിന്നു കടലിലേക്കു പിടിച്ചുതള്ളണമെന്നും അന്യോന്യം പറഞ്ഞുതുടങ്ങി. ഭാഗ്യവശാൽ പാൽഗ്രേവിൻെറ സ്നേഹിതനായ കപ്പിത്താൻ ആ ബോട്ടിൽകൂടി ഉണ്ടായിരുന്നു. ആ കപ്പിത്താനോടു് ഈ ക്രൂരപ്രവൃത്തി ചെയ്യരുതെന്നു പാൽഗ്രേവ് അപേക്ഷിച്ചു. ഒടുവിൽ അവർ ഈ ദുഷ്കൎമ്മം ചെയ്യാതെ രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനു

നിശ്ചയിച്ചു ബോട്ടിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തെ കോരിക്കളഞ്ഞുതുടങ്ങി. പാൽഗ്രേവും അവരെ ഇതിൽ സഹായിക്കുകയും ചെയ്തു.

അറേബ്യയിലുള്ള അതിഭയങ്കരങ്ങളായ മണൽക്കാടുകളിൽനിന്നും അതിനിഷ്ഠൂരന്മാരായ ശത്രുക്കളിൽ നിന്നും യാതൊരു അപകടവും അനുഭവിക്കാതെ തന്റെ ആപൽകരമായ യാത്രയെ സമ്പൂർണ്ണമാക്കിയ ആ ധീരപുരുഷനു തന്റെ യാത്രയുടെ അവസാന ദശയിൽ സമുദ്രത്തിൽനിന്നു വിപത്തു് ഉണ്ടായതു ദൈവദുർന്നിയോഗമെന്നേ പറയേണ്ടതുള്ളു. ഈ സന്ദർഭത്തിലും അദ്ദേഹം മുമ്പിലത്തെപ്പോലെ പ്രശാന്തമായ ധൈര്യവും, വിസ്മയകരമായ പ്രയുക്തി ബാഹുല്യവും, അസാധാരണമായ ക്ഷിപ്രനിശ്ചയവും, മഹത്തായ മനഃസ്ഥൈര്യവും പ്രദർശിപ്പിച്ചു. അദ്ദേഹത്തിനെ മാതൃകയായി സ്വീകരിച്ചു് ആ ബോട്ടിലുള്ളവർ സോത്സാഹം തണ്ടു പിടിച്ചുതുടങ്ങി. അവരുടെ സ്ഥിതി അത്യന്തം ആപൽകരമായിരുന്നു. അതിപൂർണ്ണമായ ഒരു ചെറിയ തുറന്ന ബോട്ടു് അതിഭയങ്കരമായ കൊടുങ്കാററുകൊണ്ടു ക്ഷുബ്ധമായ സമുദ്രത്തിന്റെ ദുർന്നിവാരമായ രോഷത്തിൽ നിന്നു രാത്രിയിൽ എങ്ങിനെ രക്ഷപ്പെടും? ഇപ്രകാരം മരണത്തിനോടു മല്ലിട്ടുകൊണ്ടു് അവർ യാത്രചെയ്യുമ്പോൾ പാൽഗ്രേവു് വളരെ ദൂരത്തായി കര കണ്ടു. ഈ വിവരം ബോട്ടിലുള്ളവർ അറിഞ്ഞയുടനെ അവർ അത്യുത്സാഹത്തോടുകൂടി തണ്ടുപിടിച്ചു. എന്നാൽ ആ കരയിൽ എത്തി രക്ഷപ്പെടുവാൻ അവരെ സമ്മതിക്കുകയില്ല എന്ന നിശ്ചയത്തോടുകൂടി വരുണനും മരുത്തും ഒന്നുചേൎന്നു് ആ ബോട്ടിൽ വെള്ളം നിറക്കുവാൻ തുടങ്ങി,

അതിലുള്ളവർ ഈ ക്രൂരപ്രവൃത്തിയെ തടുക്കുവാൻ നിശ്ച
യിച്ച് ആ ദേവന്മാരോടു മത്സരിച്ചു ബോട്ടിൽനിന്നു വെ
ള്ളം കോരിക്കളയുകയും ചെയ്തു.

ഒരു മണിക്കൂർ നേരം കഴിഞ്ഞു. സമയം അർദ്ധരാ
ത്രിയായി. ശശാങ്കന്റെ വദനം അവരുടെ ആപത്തുക
ണ്ടു വാടിത്തുടങ്ങി. നഭോമണ്ഡലത്തിൽ ഉണ്ടായിരുന്ന
അല്പം നക്ഷത്രങ്ങൾക്കും അവരുടെ നാഥന്റെ ദുഃഖം
ശോകം ഉണ്ടാക്കിത്തീർത്തതിനാൽ അവർ അവരുടെ അ
ശ്രുപൂർണ്ണമായ നയനങ്ങളെ നിമീലനംചെയ്തു. അപ്പോൾ
പാമരത്തെ ആശ്രയിച്ചിരുന്നവരിൽ ഒരുവൻ തണുപ്പും
ക്ഷീണവും അസഹ്യമായി തോന്നിയതിനാൽ അവൻ
ആ പാമരത്തെ ഉപേക്ഷിച്ചതിന്നു ശേഷം ആ ബോട്ടി
ന്റെ സമീപത്തു നീന്തിവന്നു് തന്നെ അതിൽ കയററ
ണമെന്നു് അതിലുള്ളവരോടു് അതിദയനീയമായ സ്വ
രത്തിൽ അപേക്ഷിച്ചു. അവരിൽ ചിലർ ഈ അപേ
ക്ഷയെ നിരാകരിച്ചുവെങ്കിലും അതിൽ ഉണ്ടായിരുന്ന ര
ണ്ടു നാവികന്മാർക്കു് അവനോടു് അനുകമ്പ തോന്നിയതി
നാൽ അവർ അവനെ അതിൽ പിടിച്ചു കേററുകയും
ചെയ്തു. മുമ്പേതന്നെ അതിപൂർണ്ണമായിരുന്ന ബോട്ടിൽ
ഒരു മനുഷ്യനും കൂടി പ്രവേശിച്ചപ്പോൾ അതിലുള്ളവരു
ടെ ആപത്തു് അത്യന്തം വർദ്ധിച്ചുവെന്നു പ്രത്യേകം പ
റയേണ്ടതില്ലെല്ലോ. ഇപ്രകാരം ഒരുത്തനെ ബോട്ടിലു
ള്ളവർ സഹായിച്ചതു കണ്ടു പാമരത്തിൽ ഉണ്ടായിരുന്ന
വേറൊരുത്തനും പാമരത്തിനെ പരിത്യജിച്ചു ബോട്ടിൽ
കയറുവാൻ വന്നു. ഇതിന്നു് അവർ സമ്മതിച്ചിരുന്നുവെ
ങ്കിൽ നിശ്ചയമായി ആ ബോട്ടു് മുങ്ങുമായിരുന്നു. അതു

കൊണ്ടു് അവർ അവൻെറ കരങ്ങളെ ബലാൽക്കാരേണ ബോട്ടിൽ നിന്നു വിട്ടുവിച്ചു. ഉടനെ ആ നിർഭാഗ്യവാൻ സമുദ്രഗർഭത്തിൽ അന്തർദ്ധാനം ചെയ്യുകയും ചെയ്തു.

പ്രഭഞ്ജനൻെറ ശക്തി വർദ്ധിച്ചുതുടങ്ങി. ബോട്ടിലുള്ളവർ ഭഗീരഥപ്രയത്നം ചെയ്തുവെങ്കിലും അവൎക്കു് അതിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തെ കോരിക്കളയുവാൻ സാധിച്ചില്ല. ബോട്ടിൻെറ ഗതി നിന്നു. അതിൻെറ രണ്ടുവശത്തുക്കൂടി ജലം സീൽകാരം ചെയ്തുകൊണ്ടു് അതിൽ പ്രവേശിച്ചുതുടങ്ങി. വെള്ളത്തിൻെറ ഘനം ഹേതുവാൽ ബോട്ടു് താണുതുടങ്ങി. കര അടുത്തിരുന്നുമില്ല. അപ്പോഠം "ചാടിക്കൊള്ളിൻ" "ചാടിക്കൊള്ളിൻ" എന്നു കപ്പിത്താൻ രണ്ടു പ്രാവശ്യം വിളിച്ചുപറഞ്ഞു. ബോട്ടിനോടുക്കൂടി മുങ്ങിയാലും താൻ സമുദ്രത്തിൽ ചാടുകയില്ലെന്നു നിശ്ചയിച്ചു് പാൽഗ്രേവ് അതിൽതന്നെ ഇരുന്നു. ബോട്ടിൽ ഉണ്ടായിരുന്നവരിൽ നാലു പേർ ഇതു കേട്ടുഭയന്നു സമുദ്രത്തിൽ ചാടി. ഇതു് ആ ബോട്ടിലുള്ളവരുടെ ജീവനെ രക്ഷിച്ചു. ഭാരം കുറഞ്ഞതുകൊണ്ടു് ബോട്ടു പൊങ്ങി. പാൽഗ്രേവും ഒരു നാവികനും അതിവേഗത്തിൽ അതിലുള്ള വെള്ളം കോരിക്കളഞ്ഞു. അപ്പോഠം അതിൽ ഒൻപതു പേർ മാത്രമെ ഉണ്ടായിരുന്നൊള്ളു.

ഗിരിസമമായ തിരമാലകഠം ആ ബോട്ടിനെ പാമരത്തിനോടു ബന്ധിച്ചിരുന്ന കയറിനെ ഖണ്ഡിച്ചു. അതിനാൽ ആ പാമരത്തിൽ ഉണ്ടായിരുന്നവനും നിരാധാരനായിത്തീൎന്നു. ബോട്ടിൽ നിന്നു ചാടിയ നാലുപേരും പാമര

ത്തിലുള്ളവനും ബോട്ടിൽ കയറി രക്ഷപ്പെട്ടുവാൻ നീന്തി ത്തുടങ്ങി. എന്നാൽ അവരുടെ ശ്രമം നിഷ്ഫലമായി'പ രിണമിച്ചതേയുള്ളു. ഝടുതിയിൽ ഒരു അത്യുന്നതമായ തരംഗം അവരെ ബോട്ടിലുള്ളവരുടെ ദൃഷ്ടി പഥസ്സിൽ നിന്നു മറച്ചു. മൂന്നോ നാലൊ ദിവസം കഴിഞ്ഞതിനു ശേഷമെ ആ നിർഭാഗ്യവാന്മാരുടെ മൃതശരീരങ്ങൾ കര യ്ക്കു വന്നുചേൎന്നുള്ളു.

അനന്തരം ബോട്ടിലുള്ളവർ വേഗത്തിൽ കരപറ്റു വാനായി തണ്ടുപിടിച്ചുതുടങ്ങി. കുറേനേരം കഴിഞ്ഞ പ്പോൾ അവൎക്കു നല്ലതിന്മണ്ണം കരകാണുവാൻ കഴിഞ്ഞു. ഒരു ഉന്നതമായ കറുത്ത പാറയെ സമീപത്തിൽ അവർ കണ്ടതുകൊണ്ടു് കര അടുക്കുവാൻ കാത്തിരുന്നവരിൽ അ ധികംപേരും അതിൻെറ നേൎക്കു ബോട്ടിനെ നയിക്കുവാൻ നിശ്ചയിച്ചു. ഈ നിശ്ചയം അനുസരിച്ചു് അവർ പ്രവ ൎത്തിച്ചിരുന്നുവെങ്കിൽ ബോട്ടും അവരും ആ പാറയിൽ തട്ടി നശിക്കുമായിരുന്നു. എന്നാൽ പാൽഗ്രേവു് കുറേദൂ രത്തിൽ താണ കര കണ്ടതിനാൽ അദ്ദേഹം ഭാഗീരഥ പ്രയത്നം ചെയ്തു് അവരെക്കൊണ്ടു് ബോട്ടിനെ അവിടേ ക്കു നയിപ്പിച്ചു. ആ കര അടുക്കാറായപ്പോൾ വേറെ ഒരു ആപത്തു് അവൎക്കു സംഭവിച്ചു. കരയിൽനിന്നു് മൂ ന്നൂറ് അടി ദൂരംവരെ അതിഭയങ്കരമായ വിധത്തിൽ തി രമാലകൾ ചലിച്ചുകൊണ്ടിരുന്നു. ഇതിനെ കടക്കുന്ന കാ ൎയ്യം സുകരമല്ലെന്നു് അവർ മനസ്സിലാക്കിയിരുന്നുവെങ്കി ലും ജീവരക്ഷാൎത്ഥം ഈ അപായത്തെയും നേരിടുവാൻ അവർ നിശ്ചയിച്ചു. ബോട്ടിനെ ഗംഭീരഗൎജ്ജനം ചെയ്യു

ന്ന ആ കല്ലോലമാലകളുടെ മദ്ധ്യത്തിലേക്ക് അവർ ധൈര്യസമേതം നയിച്ചു. ഉടനെ തന്നെ ബോട്ടു മറിയുകയും ചെയ്തു. അതിൽ ഉണ്ടായിരുന്നവർ തിരകളോടു പൊരുതുകൊണ്ടു കരയിലേക്കു നീന്തിത്തുടങ്ങി. ഒടുവിൽ അവർ എല്ലാവരും ലവണജലത്താൽ ഉദരപൂരണം ചെയ്തതിനു ശേഷം കരയിൽ എത്തിരക്ഷപ്പെടുകയും ചെയ്തു.

അവർ കരയിൽഎത്തിയപ്പോൾ നേരംവെളുത്തുതുടങ്ങിയിരുന്നു. കുറെനേരം വിശ്രമിച്ചതിനുശേഷം അവർ ആഹാരസാധനങ്ങൾ അന്വേഷിച്ച് ആ പ്രദേശത്തിന്റെ അന്തർഭാഗത്തിലേക്കു പോയി. ഒടുവിൽ ഒമാനിലെ സുൽത്താന്റെ ഒരു കൊട്ടാരത്തിൽ അവർ ചെന്നുചേന്നു. അപ്പോൾ ആ രാജാവു തന്റെ തലസ്ഥാനമായ മസ്കറ്റിൽ നിന്ന് അവിടെ സുഖമെടുക്കുവാൻ വന്നു താമസിച്ചിരുന്നു. അദ്ദേഹത്തിന്റെ ഔദാര്യത്താൽ അവൎക്ക് ആഹാരവും പുതിയ വസ്ത്രങ്ങളും ലഭിക്കുകയും ചെയ്തു.

കാലവിളംബമെന്യേ പാൽഗ്രേവ് അവിടെനിന്ന് മസ്കറ്റിലേക്കു പോയി. അവിടെ ഒരു ആഴ്ച താമസിച്ചതിനുശേഷം അദ്ദേഹം ബാഗ്ഡാഡിലേക്കു കടൽയാത്രതുടങ്ങി. വഴിക്ക് അദ്ദേഹത്തിനു ജ്വരം പിടിപെട്ടു. ഈ രോഗം ശമിക്കുന്നതുവരെ അദ്ദേഹം ബാഗ്ഡാഡിൽ താമസിച്ചു. അനന്തരം അദ്ദേഹം സിറിയായിലേക്കു തിരിച്ചുപോകുകയും ചെയ്തു.

൧൮൬൫-ൽ അദ്ദേഹത്തിനെ ബ്രിട്ടീഷ് സാമ്രാജ്യഭരണാധികാരികൾ അബിസീനിയായിലേക്കു ബ്രിട്ടീഷ്

പ്രതിനിധിയായി അയച്ചു. അതിനുശേഷം അദ്ദേഹം ഈ ഉദ്യോഗത്തോടുകൂടി വേറെ പലസ്ഥലങ്ങളിലും താമസിച്ചിരുന്നു. ൧൮൮൮-ൽ ആണു് ഈ സാഹസികനായസഞ്ചാരി മരിച്ചതു്. അറേബ്യയിലുള്ള സഞ്ചാരങ്ങളെക്കുറിച്ചു് ഒരു ഗ്രന്ഥവും, ഹെർമൻ ആഗ എന്ന നാമത്തോടുകൂടിയ ഏഷ്യയെ സംബന്ധിച്ചുള്ള ഒരു കഥയും അദ്ദേഹം രചിച്ചിട്ടുണ്ടു്.

———:o:———

21 NOV 1953
MUL
094289